# Annual report of PG and Research Department of Malayalam, KKTM Govt. College, for the Academic year 2022-23

# കെ.കെ.ടി.എം. ഗവ.കോളേജ് , ബിരുദാനന്തരബിരുദ ഗവേഷണ മലയാളവിഭാഗം വാർഷിക റിപ്പോർട്ട് 2022-23

## 22-6-22 വായനവാരാചരണം ഉദ്ഘാടനം




കൊടുങ്ങല്ലൂർ കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 22-06-22 ൽ വായന വാരാചരണ പരിപാടിയുടെ ഉദ്ഘാടനം നടന്നു. രാവിലെ ഒമ്പതരയോടെയാരംഭിച്ച പരിപാടിയിൽ മലയാളവിഭാഗം വകുപ്പധ്യക്ഷ ഡോ.ജി ഉഷാകുമാരി സ്വാഗതം ആശംസിച്ചു.
പ്രിൻസിപ്പാൾ ഡോ. ഇ.എ നെസി അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തിയത് ചെറുകഥാകൃത്തും മാധ്യമ പ്രവർത്തകനുമായ ശ്രീ മനോജ് വെങ്ങോല ആയിരുന്നു. വായനയുടെ പ്രാധാന്യത്തെക്കുറിച്ചും പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. തുടർന്ന് ഹിന്ദി വിഭാഗം വകുപ്പധ്യക്ഷൻ ഡോ ബിനോയ് സാബു, ഇംഗ്ലീഷ് വിഭാഗം അദ്ധ്യക്ഷ ഹണി ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.
രണ്ടാം വർഷ ബിരുദവിദ്യാർത്ഥിനി രഹന, മൂന്നാം വർഷബിരുദ വിദ്യാർത്ഥി അപർണ,ഒന്നാംവർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി അനഘ എന്നിവർ വായനാനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് മുഖ്യാതിഥിയായ ശ്രീ മനോജ് വെങ്ങോല അദ്ദേഹത്തിന്റെ രചനകൾ ഉൾപ്പെടെയുള്ള പുസ്തകങ്ങൾ മലയാള വിഭാഗം ലൈബ്രറിയിലേക്കായി സമ്മാനിച്ചു. ലൈബ്രറിയുടെ ചുമതലയുള്ള ഡോ.എം.രാമചന്ദ്രൻപിള്ള പുസ്തകങ്ങൾ ഏറ്റുവാങ്ങി.
വിദ്യാർത്ഥിക്ക് വായനാദിനാശംസകൾ നൽകി ഗവേഷക വിദ്യാർത്ഥി ഷിബിൻ സംസാരിച്ചു. തുടർന്ന് ബിരുദാനന്തരബിരുദ വിദ്യാർത്ഥിനി കുമാരി വന്ദന നന്ദി അറിയിച്ച യോഗം 12 മണിക്ക് അവസാനിച്ചു.

1. ## 24-6-22 വീഡിയോ പ്രകാശനം








കൊടുങ്ങല്ലൂർ കെ കെ ടി എം ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 24–6–2022 ൽ കുഞ്ഞിക്കുട്ടൻ തമ്പുരാനെ കുറിച്ച് കോളേജിലെ പൂർവ വിദ്യാർഥിയായ ഡോ.സുമതി അച്യുതൻ തയ്യാറാക്കിയ ഒരു ഹ്രസ്വ വീഡിയോയുടെ പ്രകാശനം നടന്നു.

ഉച്ചയ്ക്ക് 1.30 ഓടെ ആരംഭിച്ച പരിപാടിയിൽ കോളേജിലെ പൂർവ വിദ്യാർത്ഥി അംബിക പ്രാർത്ഥനാ ആലപിച്ചു.

മലയാള വിഭാഗം വകുപ്പ് അധ്യക്ഷ ഡോ.ജി.ഉഷാകുമാരി സ്വാഗതമാശംസിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. ഇ.കെ. എ. നെസി അധ്യക്ഷത വഹിച്ചു.ചടങ്ങിന്റെ ഉദ്ഘാടനം പ്രമുഖ മാധ്യമ പ്രവർത്തകനും ദൂരദർശൻ വാർത്ത അവതാരകനുമായിരുന്ന ആർ. ബാലകൃഷ്ണൻ പ്രസ്തുത വീഡിയോ പ്രകാശനം ചെയ്തുകൊണ്ട് നിർവഹിച്ചു. പ്രൊഫ. വി.കെ സുബൈദ ടീച്ചർ, പൂർവ്വവിദ്യാർത്ഥി ബാബു തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് ഡോ. സുമതി വരച്ച കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പെയിന്റിംഗ് കോളേജ് പ്രിൻസിപ്പാളിനു കൈമാറി. തുടർന്ന് ഡോ. സുമതി അച്യുത നന്ദി അറിയിച്ച് സംസാരിച്ചു. 2. 30 ന് യോഗം അവസാനിച്ചു.

## 2. 6/7/22 to 7/7/22 ബഷീർ അനുസ്മരണം




കൊടുങ്ങല്ലൂർ കെ. കെ. ടി. എം. ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗത്തിന്റെ അഭിമുഖ്യത്തിൽ 2022 ജൂലൈ 6, 7 തിയതികളിലായി ബഷീർ അനുസ്മരണം നടന്നു. മലയാള വിഭാഗത്തിന്റേയും കോളേജ് ഫിലിം ക്ലബ്ബിന്റെയും അഭിമുഖ്യത്തിൽ 6/7/2022 ബുധനാഴ്ച്ച ഉച്ചയ്ക്ക് ഒരു മണിക്ക് 'പ്രേമലേഖനം' എന്ന ചലച്ചിത്രം പ്രദർശിപ്പിച്ചു. 7/7/2022 രാവിലെ പത്തു മണിയോടെയാരംഭിച്ച ബഷീർ അനുസ്മരണ പരിപാടിയിൽ മലയാള വിഭാഗം അധ്യാപകൻ ഡോ. കെ. മുഹമ്മദ് ബഷീർ സ്വാഗതം ആശംസിച്ചു. അധ്യാപിക

ശ്രീമതി ധന്യ പി. ഡി. അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിന്റെ ഉദ്ഘാടനവും മുഖ്യ പ്രഭാഷണവും നിർവ്വഹിച്ചത് തൃശ്ശൂർ കേരളവർമ്മ കോളേജിലെ അധ്യാപികയായ ഡോ. ബ്രില്ലി റാഫേൽ ആയിരുന്നു. ദൈനംദിന ജീവിതവും ആഖ്യാനവും എന്ന വിഷയത്തെ ആസ്പദമാക്കി ബഷീർ കൃതികളുടെ പുനർവായനയായിരുന്നു മുഖ്യപ്രഭാഷണം. മലയാളവിഭാഗം ഗവേഷകയായ അഞ്ജലി മോഹൻ ബഷീറിന്റെ 'ഐഷക്കുട്ടി' എന്ന കഥ അവതരിപ്പിച്ചു. തുടർന്ന് ഒന്നാം വർഷ എം. എ മലയാളം വിദ്യാർത്ഥിനി എം. വിഷ്ണുമായ നന്ദി അറിയിച്ചു. യോഗം 12 മണിക്ക് അവസാനിച്ചു.





4. 13/7/22 മുഹമ്മദ് അബ്ദുറഹ്മാൻസ്മാരക മലയാള ഗവേഷണകേന്ദ്രം

**പ്രതിവാര സെമിനാർ റിപ്പോർട്ട്**

13/07/2022 ബുധനാഴ്ച്ച 2 മണിക്ക്കെ. കെ. ടി. എം. ഗവണ്മെന്റ്കോളേജ്മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണകേന്ദ്രത്തിൽ പ്രതിവാരസെമിനാർ സംഘടിപ്പിച്ചു. ഗവേഷകൻഫെൽബിൻആന്റണിയാണ്സെമിനാർപേപ്പർഅവതരിപ്പിച്ചത്. തീരദേശത്തിന്റെആഖ്യാനംമലയാളസിനിമയിൽ:തെരഞ്ഞെടുത്തസിനിമകളെമുൻനിർത്തിയുള്ളപഠനംഎന്നതായിരുന്നുവിഷയം. കൃത്യം രണ്ടുമണിക്ക്സെമിനാർആരംഭിച്ചു. ഗവേഷണവിദ്യാർത്ഥിയായഷിബിൻബി. സ്വാഗതംപറഞ്ഞു. തുടർന്ന്സെമിനാർനടന്നു. ഗവേഷണവിദ്യാർത്ഥിനിയായസ്വാലിഹനന്ദിപറഞ്ഞു. ഗവേഷണമാർഗദർശികളായഡോ. ജി. ഉഷാകുമാരി, ഡോ.മുഹമ്മദ്ബഷീർകെ. കെ. എന്നിവർപങ്കെടുക്കുകയുംഅഭിപ്രായംരേഖപ്പെടുത്തുകയുംചെയ്തു.

.






## 5.കെ. കെ.ടി. എം. ഗവ. കോളേജ് , പുല്ലൂറ്റ്, മലയാളവിഭാഗം മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് സ്മാരക മലയാളഗവേഷണകേന്ദ്രം

**മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ദിനാചരണ റിപ്പോർട്ട്**

കെ. കെ. ടി. എം. ഗവ. കോളേജിൽ നടന്ന എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിന ആഘോഷപരിപാടികളുടെ ഭാഗമായി 15.08.2022 ന് മലയാള വിഭാഗവും അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവേഷണ കേന്ദ്രവും സംയുക്തമായി മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് അനുസ്മരണ ദിനം ആചരിച്ചു. സ്വാതന്ത്ര്യദിനത്തിൽ ഉച്ചയ്ക്ക് രണ്ട് മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച പരിപാടിയിൽ മലയാള വിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി സ്വാതഗം പറയുകയും കോളേജ് പ്രിൻസിപ്പാൾ ഡോ.നെസി ഇ. എ. അധ്യക്ഷത വഹിക്കുകയും ചെയ്തു. മദ്രാസ് സർവകലാശാല ജെ. ബി. എ. എസ്. സെൻറർ ഫോർ ഇസ്ലാമിക് സ്റ്റഡീസ് ഫാക്കൽട്ടി ഡോ. സൈഫുദ്ദീൻ കുഞ്ഞ് എസ്. 'നവോത്ഥാന ധൈഷണികതയും പ്രതിരോധ ചിന്തയും: വക്കം മൗലവിയുടെ സംഭാവനകൾ ' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണവും നടത്തി. സംസ്കാര പഠനങ്ങൾക്ക് പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്ന മലയാളവിഭാഗം അബ്ദുറഹ്മാൻ സാഹിബിൻ്റെ പ്രവർത്തനങ്ങളെ വിലമതിക്കാനാവാത്ത സംഭാവനകളായി അടയാളപ്പെടുത്തുന്നു. അക്കാദമിക് രംഗത്ത് മുഹമ്മദ് ഫതഹുല്ലാഹ് ഗ്വെലൻ: ചിന്തയും ജീവിതവും, മൗലാനാ മൗദൂദിയും മറിയം ജമീലയും: വൈജ്ഞാനിക ഇടപാടുകളുടെ ചരിത്രരേഖ, സാദിഖുൽ മഹ്ദി: സുഡാനിലെ രാഷ്ട്രീയ ദാർശനികൻ, സ്വീഡനിലെ മുസ്ലീം വിരുദ്ധത: ചരിത്രവും പശ്ചാത്തലവും, ശൈഖ് അബ്ദുൾ ഖാദിർ ജീലാനിയുടെ ജീവിതവും ചിന്തകളും: ഹംസ മാലികിൻ്റെ പുതിയ പുസ്തകത്തെക്കുറിച്ച്, ഉഥ്മാനിഖിലാഫത്തും സൂഫി രാഷ്ട്രീയ ചിന്തയും: ഹുസ്സൈൻ യിൽമാസിൻ്റെ പുസ്തകത്തെക്കുറിച്ച്, മുസ്ലീം സമുദായവും രാഷ്ട്രീയ പ്രതിനിധാനങ്ങളും – ഇസ്ലാമിക രാഷ്ട്രീയ ചിന്തയുടെ പുതിയകാല വികാസങ്ങളെക്കുറിച്ച് അഞ്ച് പഠനങ്ങൾക്കൊരാമുഖം, പുനരാലോചന തേടുന്ന ഇസ്ലാമിക രാഷ്ട്രീയം, ഹസ്സൻ ഹൗഫിയും ഇടതുപക്ഷ ഇസ്ലാമും, തുർക്കിയും പട്ടാള അട്ടിമറിയും തുടങ്ങിയ ശ്രദ്ധേയമായ പഠനങ്ങൾ ഡോ. സൈഫുദ്ദീൻ കുഞ്ഞിൻ്റെതായിട്ടുണ്ട്.

ഗവേഷകരായ ഷീന എസ്., സ്വാലിഹ പി.എ., അഞ്ജലി മോഹൻ എന്നിവർ ചർച്ച നയിച്ചു. പനമ്പള്ളി മെമ്മോറിയൽ ഗവ. കോളേജ് അധ്യാപകൻ അസി. പ്രൊഫ. ഡോ. ജയകുമാർ പരിപാടിയിൽ നന്ദി പറഞ്ഞു.








6.കെ. കെ. ടി. എം. ഗവണ്മെന്റ്കോളേജ്പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

മുഹമ്മദ് അബ്ദുറഹ്മാൻസാഹിബ്സ്മാരകമലയാളഗവേഷണകേന്ദ്രം

**പ്രതിവാരസെമിനാർറിപ്പോർട്ട്**



14/9/2022

ഗവേഷണകേന്ദ്രംസാധാരണസംഘടിപ്പിക്കാറുള്ളഗവേഷകരുടെപ്രതിവാരസെമിനാർമുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്സ്മാരക മലയാളഗവേഷണകേന്ദ്രത്തിൽ സംഘടിപ്പിച്ചു. 14/9/2022 കൃത്യം 10:30 ന്അഞ്ജലിമോഹന്റെ സ്വാഗതത്തോടെ പ്രതിവാരസെമിനാർ തുടങ്ങി. ഗവേഷണകേന്ദ്രത്തിലെ ഗവേഷക സ്വാലിഹപി. എ. 'മാളുഹജ്ജുമ്മ: മാപ്പിളസ്ത്രീകളുടെസമുദായികപരിഷ്കരണത്തിന്റെആദ്യമാതൃക'എന്നവിഷയം അവതരിപ്പിച്ചു. പ്രബന്ധഅവതരണം കഴിഞ്ഞുള്ള തുറന്നചർച്ചയിൽ ഡിപ്പാർട്മെന്റിലെ ഗവേഷകരും അധ്യാപകരും പങ്കെടുത്തു.ഗവേഷണവിഷയത്തിൽ ഗഹനമായ ചർച്ചനടത്തി അംഗീകരിച്ചു. ഷിബിൻ ബി നന്ദിപറഞ്ഞു.കൃത്യം 12 മണിക്ക്സെമിനാർ അവസാനിച്ചു.





\





**രോഗം ആത്മാഖ്യാനങ്ങളുടെ വെളിച്ചത്തിൽ**
**27/9/22 to 28/9/22 ദ്വിദിന ദേശിയ സെമിനാർ റിപ്പോർട്ട്**

തൃശ്ശൂർ ദയ ആശ്രുപത്രിയും പുല്ലൂറ്റ് കെ. കെ. ടി. എം. ഗവ. കോളേജ് മലയാളവിഭാഗവും കോളേജ് IQAC യും സംയുക്തമായി സംഘടിപ്പിച്ച 'രോഗം: ആത്മാഖ്യാനങ്ങളുടെ വെളിച്ചത്തിൽ' എന്ന വിഷയത്തിലുള്ള ദേശീയസെമിനാർ 2022 സെപ്റ്റംബർ 27, 28 തീയതികളിലായി കോളേജിന്റെ ഓഡിയോവിഷ്വൽ ഹാളിൽ വെച്ച് നടന്നു. സമകാലിക സാഹചര്യത്തിൽ ഏറെ പ്രസക്തമായ ഈ വിഷയത്തിൽ പ്രഗത്ഭരായവർ

അവതരിപ്പിച്ച പ്രബന്ധങ്ങളും സംവാദങ്ങളും നടന്നു. സെമിനാറിന് ആമുഖമായി വിദ്യാർത്ഥികൾ അവതരിപ്പിച്ച മൈം അരങ്ങേറി. ശേഷം നടന്ന ഉദ്ഘാടന ചടങ്ങിൽ മലയാള വിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി സ്വാഗതം പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഡോ. ഇ. എ. നെസി ചടങ്ങിന് അധ്യക്ഷ വഹിച്ചു. ദയ ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. വി. കെ. അബ്ദുൾ അസീസ് ആമുഖപ്രഭാഷണം നടത്തി. സെമിനാർ ഉദ്ഘാടനം ചെയ്തത് പ്രശസ്തസാഹിത്യകാരൻ ഐ. ഷൺമുഖദാസാണ്. ഡോക്ടറും സാമൂഹ്യപ്രവർത്തകയുമായ ഡോ. എ. കെ. ജയശ്രീ മുഖ്യപ്രഭാഷണം നടത്തി. രോഗിയുടെ തെരഞ്ഞെടുപ്പിനുള്ള അവസരങ്ങൾ, രോഗവുമായി ബന്ധപ്പെട്ട എഴുത്തുകൾ, ആധുനിക ചികിത്സാരീതികളുടെ സാധ്യതകൾ, രോഗവുമായി ബന്ധപ്പെട്ട് മനോഭാവങ്ങളിൽ വന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ കാഴ്ച്ചപ്പാടുകൾ ഡോ. എ. കെ. ജയശ്രീ അവതരിപ്പിച്ചു. ആർ. സി. സി. ഓങ്കോ സർജൻ ഡോ. സാഹിർ നെടുവഞ്ചേരി, IQAC കോ. ഓർഡിനേറ്റർ ഡോ. സുജാതൻ പി. കെ. എന്നിവർ പരിപാടിക്ക് ആശംസകൾ അറിയിച്ച് സംസാരിച്ചു. ദയ ആശുപത്രി ക്വാളിറ്റി മാനേജർ കൃഷ്ണപ്രഭ ഉദ്ഘാടന ചടങ്ങിന് നന്ദി പറഞ്ഞു. പൊതുജനങ്ങളും വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരുമായ നിരവധിപേർ പരിപാടിയിൽ പങ്കെടുത്തു. ഒരു മണിയോട് കൂടി ഉദ്ഘാടന ചടങ്ങുകൾ അവസാനിച്ചു




സെമിനാറിന്റെ ഒന്നാം ദിവസം ഉച്ചകഴിഞ്ഞ് 2 മണിയോടെ പ്രബന്ധാവതരണങ്ങൾ ആരംഭിച്ചു. മലയാള വിഭാഗം അധ്യാപിക ഡോ. ധന്യാ പി. ഡി. സെഷന് സ്വാഗതം ആശംസിച്ചു. ചാലക്കുടി പി. എം. ജി. കോളേജിലെ അസിസ്റ്റസ്റ് പ്രൊഫസർ ഡോ. ജയകുമാർ ആയിരുന്നു ഈ സെഷന് മോഡറേറ്ററായിരുന്നത്.
ഈ സെഷനിൽ നടന്ന പ്രബന്ധാവരണങ്ങൾ

1 രോഗം, ചരിത്രം, ഐതിഹ്യം: കുടിക്കുഴയലുകളുടെ വർത്തമാന ഭൂമികയും ആധികാരികതയും – ഡോ. കെ. പി. ഗിരിജ ( സ്വതന്ത്ര ഗവേഷക )

2. രോഗവും മനോഭാവവും: കാൻസർ വാർഡിലെ ചിരി എന്ന ആത്മകഥയെ മുൻനിർത്തിയുള്ള പഠനം – സിന്റോ കോങ്കോത്ത് (ഗവേഷക, മലയാളവിഭാഗം, കെ. കെ. ടി. എം. ഗവ.കോളേജ് )

3. നിലയ്ക്കാത്ത സിംഫണി ലീലാ മേനോന്റെ ആത്മകഥ ആസ്പദമാക്കിയുള്ള ഒരു പഠനം – രമ്യ വി. ആർ. (അധ്യാപിക, മലയാള വിഭാഗം ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട)

4 മണിക്ക് ഒന്നാം ദിവസത്തെ പരിപാടികൾ അവസാനിച്ചു.

**സെപ്തംബർ 28**

ദേശീയ സെമിനാറിന്റെ രണ്ടാം ദിനത്തിൽ (സെപ്തംബർ 28, ബുധൻ) 3 സെഷനുകളിലായി പ്രബന്ധാവതരണങ്ങൾ നടന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച രണ്ടാമത്തെ സെഷനിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചത് കെ. കെ. ടി. എം. ഗവ.കോളേജിലെ സുവോളജിവിഭാഗം വകുപ്പധ്യക്ഷനായ ഡോ. ഇ.എം ഷാജിയാണ്. മലയാളവിഭാഗം വകുപ്പ് മേധാവി ഡോ. ജി. ഉഷാകുമാരി സെഷന് സ്വാഗതം പറഞ്ഞു.

2–ാം സെഷനിൽ നടന്ന പ്രബന്ധാവതാരണങ്ങൾ

1. ബധിരവിലാപം: അനുഭവവും ആവിഷ്കാരവും – ഡോ. നിത്യ പി. വിശ്വം (വകുപ്പധ്യക്ഷ, മലയാളവിഭാഗം, എസ്. എൻ. കോളേജ്, വർക്കല )
2. ആത്മാഖ്യാനങ്ങളിലെ കാൻസർ അറിവുകൾ: തെരഞ്ഞെടുത്ത ആത്മകഥകളെ മുൻനിർത്തിയുള്ള പഠനം – ഫെൽബിൻ ആന്റണി (ഗവേഷകൻ, മലയാളവിഭാഗം, കെ. കെ. ടി. എം. ഗവ.കോളേജ് )
3. ഇനിയും വിടാത്ത ഹൃദയത്തിന്റെ കടം: ഗീതാ ഹിരണ്യന്റെ ജീവിതം – കെ. സജിമോൻ (പത്രപ്രവർത്തകൻ)

12 മണിയോടുകൂടി ആരംഭിച്ച 3–ാമത്തെ സെഷനിൽ അധ്യക്ഷസ്ഥാനം നിർവ്വഹിച്ചത് ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ, റമീന കെ. ജമാൽ ആണ്. ഗവേഷകനായ ഷിബിൻ ബാലൻ സെഷന് സ്വാഗതം പറഞ്ഞു.
3–ാമത്തെ സെഷനിൽ നടന്ന പ്രബന്ധാവതാരണങ്ങൾ
1. അർബുദവും ആത്മകഥാവായനകളും : തെരഞ്ഞെടുത്ത ആത്മകഥകളെ മുൻ നിർത്തിയുള്ള പഠനം – അഞ്ജലി മോഹൻ എം.ആർ (ഗവേഷക, മലയാളവിഭാഗം, കെ. കെ. ടി. എം. ഗവ. കോളേജ്)
2. മാധവിക്കുട്ടിയുടെ ആത്മകഥയിലെ രോഗം, ശരീരം – ഷഹാന കെ.ടി (ഗവേഷക, താരതമ്യ വിവർത്തന വിഭാഗം, മലയാളം സർവകലാശാല)
3. മനസ്വിനി : ആത്മവേദനയുടെ കാവ്യദർശനം – എം. രാമചന്ദ്രൻ (ഗവേഷകൻ, ഫാക്കൽറ്റി അസോസിയേറ്റ്, അമൃത വിശ്വവിദ്യാപീഠം, കൊച്ചി കാമ്പസ്)

2 മണിക്കാരംഭിച്ച 4–ാ മത്തെ സെഷനിൽ 6 പ്രബന്ധാവതരണങ്ങൾ നടന്നു. ഈ സെഷനിൽ അദ്ധ്യക്ഷത വഹിച്ചത് കെ. കെ. ടി. എം. ഗവ.കോളേജ്, മലയാളവിഭാഗം അസി. പ്രൊഫ. ഡോ. കെ.കെ മുഹമ്മദ് ബഷീർ ആണ്.
4–ാമത്തെ സെഷനിലെ പ്രബന്ധാവതരണങ്ങൾ
1. രോഗാനുഭവവർണനകളും മലയാളികളുടെ ശാസ്ത്രബോധവും –ലിന്റോ ഫ്രാൻസിസ് എ ( ഗവേഷകൻ, മലയാളവിഭാഗം, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ)
2. ആത്മകഥകളിലെ രോഗാഖ്യാനങ്ങൾ കഴിഞ്ഞകാലം എന്ന ആത്മകഥ മുൻനിർത്തിയുള്ള അന്വേഷണം – എ. ഐശ്വര്യ (ഗവേഷക, കാത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട)
3. രോഗാഖ്യാനം ഇവൻ എന്റെ പ്രിയ സി.ജെ.യിൽ – ദിവ്യ ഐ. നായർ ( ഗവേഷക, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4. കാൻസർ സാഹിത്യവും ലാപ്രോസ്കിയൻ മനശാസ്ത്രവും – മനു പി. (ഗവേഷകൻ, സെന്റ് . തോമസ് കോളേജ്, തൃശ്ശൂർ)
5.രോഗം, ശരീരം, മനസ് : കാൻസർ എന്ന അനുഗ്രഹം എന്ന പുസ്തകത്തിന്റെ പൊതുവായന – തസ്ലിമ നസ്‌ലിം( ഗവേഷക എൻ. ഐറ്റി ടിച്ചി)
സെമിനാറിന്റെ സമാപന സമ്മേളനത്തിൽ ഡോ. ഇ. എ. നെസി. അധ്യക്ഷത വഹിച്ചു. ഗവേഷക അംബിക കെ. കെ. പരിപാടിക്ക് സ്വാഗതം പറഞ്ഞു. മലയാളവിഭാഗം മുൻ അധ്യാപിക സുബൈദ ടീച്ചർ സെമിനാറിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകി. സെമിനാറിന്റെ നടത്തിപ്പിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിശദമായ അവലോകനം നടന്നു. മലയാളവിഭാഗം അധ്യാപകൻ ഡോ. യാക്കോബ് തോമസ് പരിപാടിക്ക് നന്ദി പറഞ്ഞു. 4.30 തോടെ സെമിനാർ നടപടിക്രമങ്ങൾ അവസാനിച്ചു.








# 7.6/10/22 വെബിനാർ റിപ്പോർട്ട്






കെ.കെ.ടി.എം. ഗവ: കോളേജിലെ മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ 'മലയാളലിപി: ഉൽ പത്തിയും സംവാദങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചു. 2022 ഒക്ടോബർ 6 വ്യാഴം രാവിലെ 10.30 ന് ആരംഭിച്ച വെബിനാറിൽ അസി.പ്രൊഫ. ഡോ.മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. അസി.പ്രൊഫ. ധന്യ.പി.ഡി സ്വാഗതം പറഞ്ഞു. തുടർന്ന് പട്ടാമ്പി എസ്.എൻ.ജി.എസ് കോളേജ് അധ്യാപകൻ ഡോ. അരുൺമോഹൻ.പി ക്ലാസെടുത്തു.

മലയാള ലിപിയുടെ ഉത്ഭവത്തെക്കുറിച്ചുള്ള രസകരമായ ക്ലാസായിരുന്നു. അശോകന്റെ ശിലാശാസനങ്ങളിൽ നിന്നാണ് ലിപികളെ സംബന്ധിച്ച പഠനങ്ങൾക്ക് ആരംഭം കുറിച്ചതെന്നും ഇതിൽ ബ്രാഹ്മിലിപിയിൽ എഴുതിയ പദങ്ങൾ കണ്ടെത്തി എന്നും ബ്രാഹ്മിലിപിയിൽനിന്ന് പിന്നീട് പരിണമിച്ച രൂപമാണ് ദക്ഷിണേന്ത്യൻ ബ്രാഹ്മിലിപി എന്നും അദ്ദേഹം പറഞ്ഞു. 1924 ൽ സുബ്രഹ്മണ്യയ്യരാണ് സവിശേഷലിപിവിന്യാസത്തെ മനസിലാക്കുകയും അടയാളപ്പെടുത്തുകയും ചെയ്തത്. തമിഴ്നാട്ടിൽനിന്ന് ദക്ഷിണേന്ത്യൻ ബ്രാഹ്മിയിലുള്ള ലിഖിതങ്ങൾ കണ്ടുകിട്ടുകയും ഇത് വട്ടെഴുത്തായി പരിണമിക്കുന്ന സവിശേഷത കാണാനും കഴിയും. 9–ാം നൂറ്റാണ്ടിലാണ് കേരളത്തിൽനിന്ന് വട്ടെഴുത്തുമാതൃകയിലെ കൃതികൾ കണ്ടുകിട്ടുന്നത്. രാജശേഖരന്റെ കാലഘട്ടത്തിലെ വാഴപ്പിള്ളിശാസനമാണ് വട്ടെഴുത്ത് കടന്നുവരുന്ന ലിഖിതം. വട്ടെഴുത്തിനൊപ്പംതന്നെ രൂപപ്പെട്ടതാണ് ഗ്രന്ഥലിപി. ബ്രാഹ്മിയിൽനിന്നുതന്നെയാണ് ഗ്രന്ഥലിപിയും രൂപപ്പെട്ടത്. മന്ത്രലിപികളെല്ലാംതന്നെ ഗ്രന്ഥലിപിയിലാണ് എഴുതപ്പെട്ടിരുന്നത്. 11–ാം നൂറ്റാണ്ടിൽ താളിയോലകളിൽ ഇത് കോലെഴുത്തുരീതിയായി മാറുന്നു. 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ലിപിവിജ്ഞാനീയത്തെ സംബന്ധിച്ച പഠനമേഖല കേരളത്തിൽ ആരംഭിക്കുന്നത്. ഗുണ്ടർട്ടാണ് വട്ടെഴുത്തിനെയും ഗ്രന്ഥലിപിയെയും സംബന്ധിച്ച പഠനം

നടത്തിയതെന്നും ഉള്ള ആശയങ്ങൾ പങ്കുവെച്ചുകൊണ്ട് അദ്ദേഹം വിദ്യാർത്ഥികൾക്കു ആ വിഷയത്തെ സംബന്ധിച്ചുള്ള സംശയനിവാരണത്തിന് അവസരം നൽകി. രണ്ടാംവർഷ എം.എ. മലയാള വിദ്യാർത്ഥിനി ഷാനിബ നന്ദി പറഞ്ഞുകൊണ്ട് 11.30 ഓടെ വെബിനാർ സമാപിച്ചു.

കെ കെ ടി എം ഗവ.കോളേജ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 13/10/2022 രാവിലെ 11.AM ന് നടന്ന പ്രതിവാര സെമിനാറിന്റെ




റിപ്പോർട്ട്.

കെ കെ ടി എം ഗവ.കോളേജ് മലയാള വിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 13/10/2022 രാവിലെ 11. AM ന് മോഡറേറ്റർ സ്വാലിഹ പി.എ
(ഗവേഷക) യുടെ അധ്യക്ഷതയിൽ സെമിനാർ ആരംഭിച്ചു.. ഗവേഷക ഹീര ടി എം സെമിനാറിന് സ്വാഗതം പറഞ്ഞു.

'മലബാർ സമരത്തിന്റെ വീണ്ടെടുക്കലുകൾ നവമാധ്യമങ്ങളിൽ 'എന്ന വിഷയത്തിൽ ഗവേഷക അഞ്ജലി മോഹൻ എം ആർ പ്രബന്ധാവതരണം നടത്തി.




വീണ്ടെടുക്കൽ എന്ന പ്രക്രിയ ചരിത്രപരമായി ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു അക്കാദമികസമീപനമാണ്. സമകാലികതയെ നിർവചിക്കാനും മനസ്സിലാക്കാനും സമകാലികതയുടെ രാഷ്ട്രീയം സ്വരൂപിക്കാനും വീണ്ടെടുക്കൽ നമ്മെ സഹായിക്കുന്നു. മലബാർ സമരത്തെ ചരിത്രപരമായി മനസ്സിലാക്കുന്നതിനോടൊപ്പം പല നിലകളിലും പല ആവിഷ്കാര രൂപത്തിലും അതിന്റെ വീണ്ടെടുക്കലുകൾ ഇത്തരത്തിൽ സുപ്രധാനമാണ്. ഇത്തരം വീണ്ടെടുക്കലുകളുടെ സമകാലിക ഭൂമികയാണ് സൈബർ ലോകം. വർത്തമാന കാലം നവമാധ്യമ ജീവിതത്തിന്റേതു കൂടിയാണ്. പരമ്പരാഗതമായ പുസ്തക വായനയുടെ ഇടങ്ങൾ നിലനിൽക്കുമ്പോൾ തന്നെ സൈബർ ലോകത്തെ വായന വളരെ വ്യത്യസ്തമായ വിതാനം സൃഷ്ടിക്കുന്നു. സോഷ്യൽ മീഡിയയിൽ വ്യക്തികൾ ഓരോരുത്തരും ഏറിയും കുറഞ്ഞുമുള്ള അളവിൽ എഴുത്തുകാരാണ്.

1921–ൽ മലബാറിൽ നടന്ന അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ ധീരോദാത്തമായ ഓർമ്മകൾ നൂറു വർഷത്തിനിപ്പുറവും ആവേശത്തിന്റെ കണിക അല്പം പോലും ചോരാതെ അലയടിച്ചു കൊണ്ടിരിക്കുകയാണ്. സാമൂഹ്യമാധ്യമങ്ങൾ മനുഷ്യജീവിതത്തെ ഏറെ സ്വാധീനിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സംഗീത ആൽബങ്ങളിലൂടെയും ഡോക്യുമെന്ററികളിലൂടെയും മാപ്പിളപ്പാട്ട് റിയാലിറ്റിഷോകളിലൂടെയും സിനിമകളിലൂടെയും ജീവചരിത്ര സിനിമകളിലൂടെയുമെല്ലാം മലബാർസമരത്തിന്റെ ചരിത്രവും സമരഭൂമിയിൽ പടപൊരുതി സ്വജീവനർപ്പിച്ച ധീരദേശാഭിമാനികളുടെ ചരിത്രവും തലമുറകളിൽ നിന്നും തലമുറകളിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുകയാണ്. ഫേസ്ബുക്ക് പോലുള്ള മാധ്യമങ്ങൾ വളരെയധികം രാഷ്ട്രീയവത്കരിക്കപ്പെട്ട സംവാദങ്ങൾക്കിടനൽകുന്നു. ചരിത്രപരവും സമകാലികവുമായ പല സംഭവങ്ങളും വീക്ഷണങ്ങളും ചർച്ചയ്ക്കു വിധേയമാകുമാറ് രാഷ്ട്രീയമായ ശരികൾ തമ്മിലുള്ള ഏറ്റുമുട്ടൽ, അതിനെ ചുറ്റിപറ്റിയുള്ള തുറന്ന സംവാദങ്ങൾ ഏതൊരാൾക്കും ജനാധിപത്യ ശിക്ഷണം നൽകാനും സ്വന്തം പോരായ്മകളെ തിരിച്ചറിയാനും സഹായിക്കും. നിലവിൽ ന്യൂനപക്ഷ രാഷ്ട്രീയം ചർച്ചചെയ്യുന്ന പ്രൊഫൈലുകൾ ഇത്തരം ചർച്ചകളുടെ വേദിയാവാറുണ്ട്. വാരിയൻ കുന്നനെ പറ്റി സിനിമ ഇറങ്ങുന്നതും പഴയ സമരത്തിന്റെ സ്മരണകൾ പുസ്തകമാകുന്നതുമെല്ലാം സവിശേഷമായി ഏറ്റെടുക്കപ്പെടാറുണ്ട്. അത്ര തന്നെ അവ ആക്രമിക്കപ്പെടുന്ന സാധ്യതയും വിരളമല്ല. അപ്രതീക്ഷിതവും തടുക്കാനാവാത്തതുമായ വിപരീത ധാരണകളാണ് ചൂടേറിയ സംവാദങ്ങൾക്കും പ്രതിരോധങ്ങൾക്കും കാരണമാകുന്നത്.

മലബാർ സമര ചരിത്രത്തിന്റെ വീണ്ടെടുക്കലുകളെ നവമാധ്യമങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുകയാണ് അഞ്ജലി മോഹൻ എം.ആർ ചെയ്തത്.







12.30 ന് പ്രബന്ധാവതരണം അവസാനിച്ചു. ചർച്ചകൾ ആരംഭിച്ചു. മലയാള വിഭാഗം അധ്യാപകനായ ഡോ. യാക്കോബ് തോമസ് സാർ വിഷയത്തിലെ വീണ്ടെടുക്കൽ എന്ന പ്രക്രിയയെ കൃത്യമായി വ്യാഖ്യാനിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് സംസാരിച്ചു. പിന്നീട് എം.എ ഹിസ്റ്ററി വിഭാഗം വിദ്യാർത്ഥിനി അനിസ വീണ്ടെടുക്കൽ എന്ന പ്രക്രിയ നവമാധ്യമങ്ങളിലേക്കെത്തുമ്പോൾ ചരിത്രത്തെ വളച്ചൊടിക്കുകയല്ലേ ചെയ്യുന്നത് എന്ന ചോദ്യം ഉന്നയിച്ചു. ഗവേഷകരായ ഷിബിൻ ബി , വൈശാഖ് എന്നിവരും ചർച്ചയെ വിപുലമാക്കി. ഗവേഷകനായ ഫെൽബിൻ ആന്റണിയാണ് സെമിനാറിനാവശ്യമായ സാങ്കേതിക വശങ്ങൾ കൈകാര്യം ചെയ്തത്. തുടർന്ന് മോഡറേറ്റർ വിഷയത്തിന് നേരിട്ടുള്ള പോരായ്മകൾ പരിഹരിച്ച് പ്രബന്ധത്തെ ലക്ഷ്യപ്രാധാന്യത്തോടെ വീണ്ടും തിരുത്തേണ്ട ആവശ്യകതയെ കുറിച്ച് ഓർമ്മിപ്പിച്ചു. കൃത്യം 1 PM ന് ഗവേഷകയായ അംബിക കെ കെ നന്ദി പറഞ്ഞു കൊണ്ട് സെമിനാർ അവസാനിപ്പിച്ചു.

## 8. 20/10/2022 പ്രതിവാര സെമിനാർ – റിപ്പോർട്ട്

മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 20/10/2022 ന് നടന്ന പ്രതിവാര സെമിനാർ ഉച്ചയ്ക്ക് 2 ന് ആരംഭിച്ചു. 'ഇരിങ്ങാലക്കുടയുടെ ക്രൈസ്തവ പാരമ്പര്യം' എന്ന വിഷയത്തിൽ ഗവേഷകയായ എ. സിന്റോ കോങ്കോത്ത് പ്രബന്ധം അവതരിപ്പിച്ചു. കേരളത്തിലെ ക്രൈസ്തവ വിശ്വാസത്തിന്റെ ആരംഭവും പരിവർത്തനവും എപ്രകാരമായിരുന്നാലും അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും കേരളീയ പൈതൃകത്തോട് അഭേദ്യമായി ഇഴചേർന്നു നിൽക്കുന്നുവെന്നും ആ അർത്ഥത്തിൽ ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന്റെ ക്രൈസ്തവപാരമ്പര്യം അന്വേഷിക്കുകയാണ് പ്രബന്ധലക്ഷ്യമെന്നും സൂചിപ്പിച്ചു കൊണ്ടാണ് പ്രഭാഷക സെമിനാർ ആരംഭിച്ചത്. തുടർന്ന് വാണിജ്യ-വ്യവസായ - സാമ്പത്തിക- വിദ്യാഭ്യാസ -ആതുരസേവന രംഗങ്ങളിലെല്ലാം തങ്ങളുടെ സ്ഥാനം ഉറപ്പിച്ച ക്രൈസ്തവർ ഇരിങ്ങാലക്കുടയുടെ സമകാലീന ചരിത്രത്തിന്റെ ഭാഗമാകുന്നതെങ്ങനെയെന്ന് പ്രഭാഷക വിശദമാക്കി. അന്നും ഇന്നും കേരളത്തിലെ ക്രിസ്ത്യാനികൾ വിശ്വാസം കൊണ്ട് ക്രൈസ്തവരായിരിക്കുമ്പോഴും ആചാരങ്ങളിൽ ഹൈന്ദവ സ്വാധീനത്തിന് വിധേയരാണ്

എന്ന ചരിത്രസത്യത്തെ വിസ്മരിക്കാനാവില്ലെന്നും പ്രഭാഷക കൂട്ടിച്ചേർത്തു. പ്രബന്ധാവതരണത്തിനു ശേഷം പ്രബന്ധലക്ഷ്യത്തിലെ അവ്യക്തതയുമായി ബന്ധപ്പെട്ടും ദേശീയതയും മതവും തമ്മിലുള്ള സംഘർഷങ്ങളെ പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചും വിമർശനങ്ങളും സംവാദങ്ങളും നടന്നു. ഗവേഷകൻ ബി. ഷിബിൻ അധ്യക്ഷത വഹിച്ച സെമിനാറിൽ ഗവേഷകരായ എം.ആർ അഞ്ജലി മോഹനും പി. എസ്. സ്വാലിഹയും യഥാക്രമം സ്വാഗതവും നന്ദിയും പറഞ്ഞു. അധ്യാപകരും ഗവേഷകരും ഉൾപ്പടെ 30 ഓളം പേർ പങ്കെടുത്ത സെമിനാർ 3 മണിയോടെ അവസാനിച്ചു.

**സിന്റോ കോങ്കോത്ത് എ**





# പ്രതിവാര സെമിനാർ – റിപ്പോർട്ട് 27/10/2022

മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 27/10/2022 ന് നടന്ന പ്രതിവാര സെമിനാർ ഉച്ചയ്ക്ക് 12 ന് ആരംഭിച്ചു. 'മിത്ത് പ്രതിരോധ രാഷ്ട്രീയത്തിനപ്പുറം: കാപ്പിരി മുത്തപ്പൻ, കരിന്തണ്ടൻ മിത്തുകളെ മുൻനിർത്തിയുള്ള പഠനം' എന്ന വിഷയത്തിൽ ഗവേഷകനായ കെ.കെ വൈശാഖ് പ്രബന്ധം അവതരിപ്പിച്ചു. പ്രതിരോധത്തിനും രാഷ്ട്രീയത്തിനുമപ്പുറത്ത് മിത്തിന് കാലാന്തരത്തിൽ സംഭവിച്ച പരിണാമങ്ങളെ വിശദമാക്കാനാണ് പ്രഭാഷകൻ ശ്രമിച്ചത്. പ്രബന്ധാവതരണത്തിനു ശേഷം നടന്ന ചർച്ചയിൽ അധ്യാപകരും ഗവേഷകരും മറ്റു വിദ്യാർത്ഥികളും പങ്കെടുത്തു. പ്രബന്ധ ഘടനയുമായി ബന്ധപ്പെട്ടും സൂക്ഷ്മവിശകലനങ്ങളുടെ അപര്യാപ്തതയുമായി ബന്ധപ്പെട്ടും വിമർശനങ്ങളുയർന്നു. ഗവേഷക എം.ആർ അഞ്ജലി മോഹൻ അധ്യക്ഷത വഹിച്ച സെമിനാറിൽ ഗവേഷകരായ പി.എസ്. സ്വാലിഹയും ടി.എം ഹീരയും യഥാക്രമം സ്വാഗതവും നന്ദിയും പറഞ്ഞു. അധ്യാപകരും ഗവേഷകരും ഉൾപ്പടെ 20 ഓളം പേർ പങ്കെടുത്ത

സെമിനാർ 1 മണിയോടെ അവസാനിച്ചു.


**ഓണാഘോഷം**

31 10 2022 കെ കെടിഎം കോളേജ് എസ്എഫ്ഐ യൂണിറ്റ് നടത്തിയ ഓണാഘോഷ പരിപാടിയിൽ മലയാള വിഭാഗത്തിന്റെ പൂർണ്ണപങ്കാളിത്തം ഉണ്ടായിരുന്നു. വടംവലിയും പൂക്കള മത്സരവും ഉണ്ടായിരുന്നു. വടംവലിയിൽ മലയാളം ഡിപ്പാർട്ട്മെന്റിന് ഒന്നാം സ്ഥാനം ലഭിച്ചു. വിദ്യാർത്ഥികൾ എല്ലാവരും തന്നെ വീട്ടിൽ നിന്ന് കറികൾ കൊണ്ടുവന്ന് വിപുലമായ ഓണസദ്യ നടത്തി. ഉച്ചതിരിഞ്ഞ് നടത്തിയ ശിങ്കാരിമേളത്തിൽ കോളേജിലെ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്ത് ഓണാഘോഷം ഗംഭീരമാക്കി.

# കേരളപ്പിറവി ദിനാഘോഷം 1/11/2022 റിപ്പോർട്ട്









കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ് മലയാളം വിഭാഗം സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷം നവംബർ ഒന്ന് 2022-ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചുനടന്നു. അതിനു മുന്നോടിയായി 19/10/22 ഉച്ചക്ക് 1.15 ന് ഒരു യോഗം ചേർന്നു.ആ യോഗത്തിൽവെച്ച് കമ്മിറ്റി തെരഞ്ഞെടുപ്പ് നടന്നു. ജനറൽ കൺവീനറായി ഡോ. യാക്കോബ് തോമസിനെ തെരഞ്ഞെടുത്തു. അതോടൊപ്പം ഓരോ ക്ലാസ്സിൽ നിന്നും കൺവീനറായി ഓരോരുത്തരെ തെരഞ്ഞെടുക്കുകയും ചെയ്തു.അതിനു ശേഷം കലാപരിപാടികൾ അവതരിപ്പിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു, തീരുമാനങ്ങൾ കൈക്കൊണ്ടു.

11.30 ന് സ്വാഗത ഗാനാലാപനത്തോടെയാണ് കേരളപ്പിറവി ദിനാഘോഷം ആരംഭിച്ചത്. തുടർന്ന് ഡോ.മുഹമ്മദ് ബഷീർ കെ.കെ സ്വാഗതം ആശംസിച്ചു. മലയാളം വിഭാഗം വകുപ്പ് അധ്യക്ഷ ഡോ. ജി. ഉഷാകുമാരി അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചത് ചരിത്രകാരനും അധ്യാപകനുമായ ഡോ.പി.എസ്. മനോജ് കുമാർ ആണ്. അദ്ദേഹം,സമകാല കേരളത്തെ നോക്കി കാണുന്നതെങ്ങനെ എന്നതിനെ സംബന്ധിച്ച് വിദ്യാർത്ഥികളോട് സംവദിച്ചു. ഉദ്ഘാടനത്തിന് ശേഷം ഡോ. രാമചന്ദ്രൻ പിള്ള നന്ദി രേഖപ്പെടുത്തി. മലയാളം ഡിപ്പാർട്ട്മെന്റിലേയും മറ്റ് ഡിപ്പാർട്ട്മെന്റിലേയും വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും പരിപാടിയിൽ പങ്കെടുത്തു. ഉദ്ഘാടനത്തിന് ശേഷം കേരളചരിത്ര ചിത്രപ്രദർശനവും വിദ്യാർത്ഥികളുടെ നൃത്തനൃത്യങ്ങളും സംഘഗാനവും നാടൻപാട്ടുകളും മറ്റ്

കലാപരിപാടികളും അരങ്ങേറി. ശേഷം 3.30– തോടു കൂടി ആഘോഷ പരിപാടി ഔദ്യോഗികമായി



സമാപിച്ചു.

(ഡോ.പി.എസ് മനോജ് കുമാർ ഉദ്ഘാടനം നിർവഹിക്കുന്നു)





(ചിത്രപ്രദർശനം)

3/11/22 കെ.കെ.ടി.എം. ഗവ.കോളേജ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 03/11/2022 ഉച്ചയ്ക്ക് 1.30PM ന് നടന്ന പ്രതിവാര സെമിനാറിന്റെ റിപ്പോർട്ട്.




കെ.കെ.ടി.എം. ഗവ.കോളേജ് മലയാളവിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 03/11/2022 ഉച്ചയ്ക്ക് 1.30PM ന് മോഡറേറ്റർ ഹീര.ടി.എം. (ഗവേഷക) ന്റെ അധ്യക്ഷതയിൽ സെമിനാർ ആരംഭിച്ചു. ഗവേഷക അഞ്ജലി മോഹൻ എം.ആർ സെമിനാറിന് സ്വാഗതം പറഞ്ഞു.

'സ്ഥലികതയും മലബാർ കുടിയേറ്റാഖ്യാനങ്ങളും; ബെസ്പുർക്കാന മുൻനിർത്തിയുള പഠനം' എന്ന വിഷയത്തിൽ ഗവേഷകൻ ഫെൽബിൻ

ആന്റണി പ്രബന്ധാവതരണം നടത്തി.




ആഖ്യാനത്തിന്റെ മൗലിക ലക്ഷണങ്ങളിലൊന്നാണ് സ്ഥലികത (spatiality). സ്ഥലികത കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ സംബന്ധിക്കുന്ന പദമാണ്. ആഖ്യാനസ്ഥലത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും സ്ഥലികത എന്ന പരികല്പനയിൽ വിഷയമാകുന്നു. കുടിയേറ്റമെന്ന പ്രക്രിയയിൽ രണ്ടോ അതിലധികമോ സ്ഥലങ്ങൾക്കിടയിലുള്ള ചലനങ്ങൾക്കാണ് പ്രാധാന്യം. കുടിയേറ്റം വിഷയമാക്കുന്ന ആഖ്യാനങ്ങളിലും സ്ഥലസംബന്ധിയായ വിഷയങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. കുടിയേറ്റത്തിന്റെ ഫലമായി ആഖ്യാനരൂപങ്ങളിലെ ആഖ്യാനയിടങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളിൽ സ്ഥലികത എന്ന പരികല്പനയുടെ പ്രായോഗിതയ്ക്ക് വലിയ സാധ്യതയുണ്ട്. തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുള്ള സ്ഥാനചലനം മലയാളിയുടെ കുടിയേറ്റ ചരിത്രത്തിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. മലബാർ കുടിയേറ്റത്തെ വിഷയമാക്കി കെ. ജെ. ബേബി എഴുതിയ 'ബെസ്പുർക്കാന' എന്ന നോവലിൽ സ്ഥലികത എന്ന ആശയത്തിന്റെ സാധ്യതകൾ അന്വേഷണമാണ് ഈ പഠനത്തിലൂടെ ഫെൽബിൻ നടത്തിയത്. നോവലിലെ ആഖ്യാനയിടങ്ങളിലെ പ്രത്യേകതകളും അതിനിടയിലെ വ്യതിയാനങ്ങളും വ്യതിയാനത്തിനുള്ള കാരണങ്ങളും പഠനത്തിന്റെ ഭാഗമായി. രണ്ട് ആഖ്യാനയിടങ്ങൾക്കിടയിൽ രൂപപ്പെടുന്ന, ഭൂമിശാസ്ത്രപരമായ ഇടം, സാംസ്കാരിക ഇടം തൊഴിൽ ഇടം എന്നിവയുടെ

സാധ്യതകളെ കൂടി പഠനത്തിൽ ഉൾപ്പെടുത്തിയിരുന്നു.



2.15 ന് പ്രബന്ധാവതരണം അവസാനിച്ചു. ചർച്ചകൾ ആരംഭിച്ചു. ഗവേഷകയായ അഞ്ജലി ക്രൈസ്തവരുടെ തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുള്ള കുടിയേറ്റത്തിന്റെ ഫലമായി മലബാറിന്റെ സാംസ്കാരിക വിദ്യാഭ്യാസ ,ആരോഗ്യമേഖലകളിൽ ഉണ്ടായ മാറ്റങ്ങളെയും അതിൽ ക്രൈസ്തവരുടെ പങ്ക് എത്രയായിരുന്നു എന്നതിനെയും സംബന്ധിച്ച് ചോദ്യമുന്നയിച്ചു. ക്രൈസ്തവരിൽ ഏത് വിഭാഗമാണ് കുടിയേറ്റം നടത്തിയത് എന്നതിൽ വ്യക്തത വരുത്തണമെന്ന് ഗവേഷകയായ സൗമ്യ അഭിപ്രായപ്പെട്ടു. അധ്യാപകരായ ഡോ.യാക്കോബ് തോമസ്, ഡോ.ജി.ഉഷാകുമാരി എന്നിവരും ഗവേഷകരായ സ്വാലിഹ.പി.എ, ഷിബിൻ ബാലൻ, ഹീര. ടി.എം. എന്നിവരും ചേർന്ന് ചർച്ചയെ സജീവമാക്കി. തുടർന്ന് ഫെൽബിൻ ആന്റണി ചർച്ചയിൽ ഉയർന്നുവന്ന ചോദ്യങ്ങൾക്ക് മറുപടി പറയുകയും, മോഡറേറ്റർ പ്രബന്ധത്തിലെ പോരായ്മകൾ പരിഹരിച്ച് ലക്ഷ്യപ്രാധാന്യത്തോടെ അത് തിരുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഓർമിപ്പിക്കുകയും ചെയ്തു. 2.45PM ന് ഗവേഷകയായ സ്വാലിഹ പി.എ നന്ദി പറഞ്ഞു കൊണ്ട് സെമിനാർ അവസാനിപ്പിച്ചു.

**കെ.കെ.ടി.എം. ഗവ.കോളേജ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 16/11/2022 ഉച്ചയ്ക്ക് 1.30PM ന് നടന്ന പ്രതിവാര സെമിനാറിന്റെ റിപ്പോർട്ട്.**




കെ.കെ.ടി.എം. ഗവ.കോളേജ് മലയാളവിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 16/11/2022 ഉച്ചയ്ക്ക് 1.30PM ന് മോഡറേറ്റർ സ്വാലിഹ. പി.എ.(ഗവേഷക) യുടെ അധ്യക്ഷതയിൽ സെമിനാർ ആരംഭിച്ചു. ഗവേഷക അഞ്ജലി മോഹൻ എം.ആർ സെമിനാറിന് സ്വാഗതം പറഞ്ഞു. 'റോഡ്മൂവിയുടെ ലിംഗ രാഷ്ട്രീയം – നീലാകാശം പച്ചക്കടൽ ചുവന്ന ഭൂമി എന്ന സിനിമ മുൻനിർത്തി പഠനം' എന്ന വിഷയത്തിൽ ഗവേഷക ഹീര ടി.എം പ്രബന്ധാവതരണം നടത്തി.



മലയാള സിനിമയുടെ അസ്തിത്വനിർണയത്തിൽ പ്രകടമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞ ഒരു വിഭാഗമാണ് പുതുതലമുറസിനിമ .കഥയിലും, കഥാഖ്യാനത്തിലും , കഥാപാത്രനിർണയത്തിലും , ഭാഷാ വിനിമയത്തിലും , പശ്ചാത്തല രൂപീകരണത്തിലും , സംഘർഷ സൃഷ്ടിയിലുമെല്ലാം സിനിമ ഇന്ന് പുതുവഴിയിലൂടെയാണ് സഞ്ചരിക്കുന്നത്.പറയുന്ന രീതിക്കും വ്യത്യസ്തത ഏറെയാണ്.ചലനാത്മകമായ ദൃശ്യങ്ങളെയും ശബ്ദ സൂചകങ്ങളെയും എല്ലാം സവിശേഷമായ ആഖ്യാനരീതിയിൽ സമ്മേളിപ്പിക്കുക എന്നത് സിനിമയുടെ വൈവിധ്യാത്മക പ്രവണതയാണ്. കാലത്തിൻറെ സവിശേഷതകൾക്ക് അനുസരിച്ച് ഈ അവതരണരീതിയും മാറുന്നു.പുതിയ രീതിയിൽ കഥ പറയാൻ ശ്രമിക്കുമ്പോൾ പുത്തൻ ആശയങ്ങൾ സ്വാഭാവികതയോടെ സിനിമയിലേക്ക് കടന്നു വരുന്നു.അത്തരത്തിൽ യാത്ര കേന്ദ്ര പ്രമേയമാക്കിക്കൊണ്ട് മലയാള സിനിമയിൽ പുതുചലനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ മലയാളത്തിലെ പുതുതലമുറ സിനിമയുടെ അസ്തിത്വനിർണയത്തിൽ യാത്രയിൽ അധിഷ്ഠിതമായ സിനിമകൾക്ക് നിർണായകമായ സ്ഥാനമാണുള്ളത്. യാത്രാധിഷ്ഠിതസിനിമയിൽ പെടുന്ന ഒരു ജനുസ്സാണ് റോഡ് സിനിമകൾ അഥവാ റോഡ് മൂവികൾ .

യാത്രയെ പറ്റിയുള്ള പൊതുബോധനിർമ്മിതിയിൽ സമൂഹത്തിലെ വിവിധ സാംസ്കാരിക ഘടകങ്ങളായ വർഗം, ലിംഗം, ജാതി, മതം, സമ്പത്ത് തുടങ്ങിയവയ്ക്ക് നിർണായക സ്ഥാനമാണുള്ളത്. ഇവയിൽ ലിംഗപദവി ഏറ്റവും മൂർത്തമായ രീതിയിൽ യാത്രയെ നിർണയിച്ചിരിക്കുന്ന ഒന്നാണ്. സ്ത്രീയുടെ യാത്രയും , പുരുഷന്റെ യാത്രയും , ഭിന്നലിംഗക്കാരുടെ യാത്രയും തീർത്തും വ്യത്യസ്തമാണ്. ഇത്തരത്തിൽ ലിംഗപദവി എങ്ങനെയെല്ലാമുള്ള സവിശേഷാർത്ഥങ്ങളിലൂടെയാണ് യാത്രയെ നിർണയിക്കുന്നത് എന്നും ഒരു ചലചിത്ര ജനുസ്സ് എന്ന നിലയിൽ റോഡ് മൂവി ഈ വിഷയത്തെ എങ്ങനെയാണ് പ്രശ്നവൽക്കരിക്കുന്നത് എന്നും കണ്ടെത്താനാണ് ഈ പ്രബന്ധത്തിലൂടെ ഗവേഷക ശ്രമിക്കുന്നത്. വിശകലനത്തിനായി മലയാളത്തിലെ റോഡ് മൂവിയായ "നീലാകാശം പച്ചക്കടൽ ചുവന്ന ഭൂമി " എന്ന സിനിമയാണ് ഹീര തെരഞ്ഞെടുത്തത്.

2.00 PM ന് പ്രബന്ധാവതരണം അവസാനിച്ചു. ഡിസ്കസന്റായ ഗവേഷകൻ ഷിബിൻ ബാലൻ തുടർന്നുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചു. സിനിമയിലല്ല സമൂഹത്തിന്റെ കാഴ്ചപ്പാടിലാണ് മാറ്റം വരേണ്ടത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്ന് ഗവേഷകനായ ഫെൽബിൻ സിനിമയിൽ നിന്നും പ്രബന്ധത്തിൽ കൂട്ടിച്ചേർക്കേണ്ടതായ ചില പ്രധാന ഭാഗങ്ങളെ കുറിച്ച് ഓർമിപ്പിച്ചു. ഗവേഷകയായ അഞ്ജലി ഈ സിനിമ പഠനത്തിനർഹമാണോ എന്ന ചോദ്യമാണുയർത്തിയത്. അധ്യാപകനായ ഡോ. കെ കെ മുഹമ്മദ്ബഷീർ നിഗമനങ്ങളിലും പഠനത്തിലുമുള്ള പൊരുത്തക്കേടുകളെ ചൂണ്ടിക്കാണിച്ചു.

ഹീര ടി എം ചോദ്യങ്ങൾക്ക് മറുപടി പറയുകയും മോഡറേറ്റർ പ്രബന്ധത്തിലെ പോരായ്മകൾ പരിഹരിച്ച് ലക്ഷ്യപ്രാധാന്യത്തോടെ അത് തിരുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഓർമിപ്പിക്കുകയും ചെയ്തു. 2.45PM ന് ഗവേഷകനായ ഫെൽബിൻ ആന്റണി നന്ദി പറഞ്ഞു കൊണ്ട് സെമിനാർ അവസാനിപ്പിച്ചു.

## എം.എൻ വിജയൻ സ്മാരക പ്രഭാഷണം – റിപ്പോർട്ട് 16/11/2022









കെ.കെ.ടി.എം.ഗവ കോളേജ് പുല്ലൂറ്റ്, മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 16/11/2022 ന് മലയാളം ഡിപാർട്ട്മെന്റിൽ വച്ച് നടന്ന എം.എൻ. വിജയൻ സ്മാരക പ്രഭാഷണം രാവിലെ 10-ന് ആരംഭിച്ചു. ഗവേഷക എം.ആർ അഞ്ജലി മോഹന്റെ ആമുഖ പ്രഭാഷണത്തോടെയാണ് പരിപാടി ആരംഭിച്ചത്. പരിപാടിയിൽ മലയാള വിഭാഗം വകുപ്പദ്ധ്യക്ഷയായ ഡോ.ജി.ഉഷാകുമാരിയാണ് ഔപചാരിക സ്വാഗതപ്രസംഗം നടത്തിയത്. തുടർന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ. നെസി സ്വാഗതം അറിയിക്കുകയും ഗവേഷകൻ കെ.കെ. വൈശാഖ് എം.എൻ വിജയൻ ജീവിതരേഖ അവതരിപ്പിക്കുകയും ചെയ്തു. ശേഷം പ്രഭാഷക ഷീബാ അമീർ 'പരിചരണത്തിന്റെ സംസ്കാരവും പുതുമാനവികതയും' എന്ന വിഷയത്തെ മുൻ നിർത്തി സംസാരിച്ചു. ശേഷം ഉപഹാര സമർ പ്പണമാണ് നടന്നത്. കാലടി സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഡോ. ധന്യ പി.ഡി.ക്ക്( മലയാള വിഭാഗം അധ്യാപിക) പ്രിൻസിപ്പാൾ ഡോ. നെസി ഉപഹാരം സമർപ്പിച്ചു. ബിരുദ വിഭാഗത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ദിൽനക്ക് ( വർഷ എം.എ മലയാളം വിദ്യാർ ത്ഥിനി) ഷീബാ അമീർ എം.എൻ വിജയൻ പുരസ്ക്കാരം സമർപ്പിച്ചു. പിന്നീട് എം.എൻ.വിജയൻ ലൈബ്രറിയിലേക്കുള്ള പുസ്തക സമർപ്പണമാണ് നടന്നത് , ഇത് ഉമർ അബൂബക്കർ ഡോ.ജി.ഉഷാകുമാരിക്ക് നൽകി നിർവഹിച്ചു. പിന്നീട് പ്രഭാഷണത്തെ മുൻനിർത്തി ചർച്ചകൾ നടന്നു. കൂടാതെ ഉപഹാരം സ്വീകരിച്ച ഡോ. ധന്യ പി.ഡി.യും ദിൽനയും സംസാരിച്ചു. 12 മണിയോടെ അവസാനിച്ച പ്രഭാഷണ പരിപാടിയിൽ ഒന്നാം വർഷ എം.എ മലയാളം വിദ്യാർ ത്ഥിനിയായ അനൈന സുധീറാണ് നന്ദി അറിയിച്ചത്.

3/11/22

Skariya sacariya anusmaranam

**മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണകേന്ദ്രം, കെ. കെ. ടി. എം ഗവ:കോളേജ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ.**

സ്കറിയ സക്കറിയ അനുസ്മരണം







3:11:2022 ന മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണ കേന്ദ്രം കെ.കെ.ടി. എം. ഗവണ്മെന്റ് കോളേജിലെ റിസർച്ച് ഹാളിൽ വെച്ച് സ്കറിയ സക്കറിയ അനുസ്മരണം സങ്കടിപ്പിച്ചു. കൃത്യം 10 മണിക്ക് ആരംഭിച്ച പരിപാടിയിൽ മലയാള വിഭാഗത്തിലെ അദ്ധ്യാപകൻ ഹലീൽ റഹ്മാൻ മോഡറേറ്റർ ആയിരുന്നു മലയാളം വിഭാഗം അധ്യാപിക ഡോ : ഫൗസിയ പി. എ സ്വാഗതം പറഞ്ഞു. സിനിമ പ്രവർത്തകയായയഡോ : ഹേന ചന്ദ്രൻ വേവേകാനന്ദ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ : ആദർശ് സി എന്നിവർ മുഖ്യ പ്രഭാഷണം നടത്തി . സ്കറിയ സക്കറിയയുടെ പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ ഉള്ള ഓർമ്മകളാണ് ഇവർ പങ്കുവെച്ചത്. അധ്യാപക ജീവിതത്തിലേക്ക് മുതൽക്കൂട്ടായി മാറിയ പല അറിവുകളുടെയും ശീലങ്ങളുടെയും ഉറവിടം സ്കറിയ സക്കറിയ മാഷാണെന്ന് അവർ പറഞ്ഞു .തുടർന്നു മലയാളം വിഭാഗം മുൻ അധ്യക്ഷയും വൈസ് പ്രിൻസിപ്പലും എഴുത്തുകാരിയുമായ വി കെ സുബൈദ ടീച്ചർ ആശംസകൾ അർപ്പിച്ചു കൂടാതെ ടി പി രാജീവൻറെ കവിതകളെക്കുറിച്ച് സംസാരിക്കുകയും അദ്ദേഹത്തെ അനുസ്മരിക്കുകയും ചെയ്തു. മലയാള വിഭാഗം അധ്യാപിക ഡോ : ധന്യ.പി ഡി നന്ദി പറഞ്ഞു. പരിപാടിയിൽ കോളേജിലെ അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളും അടക്കം നാല്പതിൽ അധികംപേര് പങ്കെടുത്തു. പരിപാടി ഒന്നരയോടെ അവസാനിച്ചു





## UG& PG അഡ്മിഷൻ റിപ്പോർട്ട് 2022–2023

കെ.കെ.ടി.എം.ഗവ. കോളേജ് മലയാളവിഭാഗം 2022–23 അധ്യയനവർഷത്തെ ഒന്നാം വർഷ ബരുദ– ബിരുദാനന്തരത്തിൻ്റെ അഡ്മിഷൻ റിപ്പോർട്ട്. ഒന്നാം വർഷ ബിരുദാനന്തരത്തിൻ്റെ അഡ്മിഷൻ 2022 ഓഗസ്റ്റ് 29 മുതൽ ആരംഭിച്ചു. ഒന്നാം വർഷ ബിരുദാനന്തര ക്ലാസിൽ 14 വിദ്യാർത്ഥികൾ ചേർന്നു.അതിൽ ഒരു വിദ്യാർത്ഥി പിന്നീട് ടി.സി വാങ്ങി പോയി. പി.ജി. അഡ്മിഷൻ 2022 സപ്തംബർ 22 ന് അവസാനിച്ചു. ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികളുടെ അഡ്മിഷൻ ആഗ്സ്റ്റ് 5 ന് ഒന്നാം അലോട്ടുമെൻ്റ് വന്നു. 2022 ഓഗസ്റ്റ് 10 ന് അഡ്മിഷൻ ആരംഭിച്ചു. 2022 നവംബർ 04 ന് അഡ്മിഷൻ അവസാനിച്ചു.39 വിദ്യാർത്ഥികൾ ഒന്നാം വർഷ ബിരുദ ക്ലാസിൽ അഡ്മിഷൻ നേടി.

**നെറ്റ് കോച്ചിംഗ് – റിപ്പോർട്ട്**

കേരള സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പിൻ്റെ ധനസഹായത്തോടെ പുല്ലൂറ്റ് കെ.കെ.ടി.എം.ഗവ.കോളേജ് കേന്ദ്രമായി നടത്തുന്ന 72 മണിക്കൂർ UGC – CSIR നെറ്റ് കോച്ചിംഗിൻ്റെ ഔപചാരിക ഉദ്ഘാടനം 2022 നവംബർ 26 ശനി 9.30 ന് കോളേജ് പ്രിൻസിപ്പാൾ ഡോ. നെസി ഇ.എ നിർവഹിച്ചു. ഉദ്ഘാടനശേഷം ജനറൽ പേപ്പറിലെ ടീച്ചിംഗ് ആപ്റ്റിറ്റ്യൂഡ്മായി ബന്ധപ്പെട്ട് 3 മണിക്കൂർ ക്ലാസ് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അസിസ്റ്റൻ്റ് പ്രൊഫസർ ഡോ.മുഹമ്മദ് ബഷീർ കെ.കെ എടുത്തു.62 പേർ ക്ലാസിൽ പങ്കെടുത്തു.

ഉച്ചയ്ക്ക് ഒരു മണി മുതൽ നാല്യ മണിവരെ യു ജി സി മലയാളവിഷയം തെരഞ്ഞെടുത്തവർക്കായി ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട ക്ലാസ് മലയാളവിഭാഗം അസിസ്റ്റൻ്റ് പ്രൊഫസർ ഡോ.ധന്യ പി.ഡി. എടുത്തു. യു.ജി.സി നെറ്റ് പരീക്ഷയുടെ രണ്ടാമത്തെ സെഷൻ 3.12.2022 രാവിലെ ആരംഭിച്ചു.അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം മലയാളം രണ്ടാം പേപ്പറായിട്ടുള്ളവർക്ക് മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.ജി.ഉഷാകുമാരി മലയാളകവിത എന്ന വിഷയത്തിൽ ഒരു മണി മുതൽ 4 മണി വരെ മൂന്നു മണിക്കൂർ ക്ലാസെടുത്തു. ക്ലാസിൽ 35 പേർ പങ്കെടുത്തു. 2022 ഡിസംബർ 10 ശനി ഉച്ചയ്ക്ക് ഒരു മണി മുതൽ നാല്യ മണി വരെ കെ.കെ.ടി.എം.ഗവ.കോളേജ് മലയാളവിഭാഗം അസിസ്റ്റൻ്റ് പ്രൊഫസർ ഹലീലുറഹ്മാൻ രണ്ടാം പേപ്പർ മലയാളത്തിലെ ആദ്യകാല സാഹിത്യം എന്ന വിഷയത്തിൽ ക്ലാസെടുത്തു. 40 വിദ്യാർത്ഥികൾ ക്ലാസിൽ പങ്കെടുത്തു. 17.12.22 ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ മലയാളം – ചരിത്രം വിദ്യാർത്ഥികൾക്കായി ജനറൽ പേപ്പറിലെ Research Aptitude എന്ന യൂണിറ്റിൽ മൂന്നു മണിക്കൂർ കെ.കെ.ടി.എം. ഗവ.കോളേജ് മലയാള വിഭാഗം അസി.പ്രൊഫസർ ഡോ.മുഹമ്മദ് ബഷീർ കെ.കെ.ക്ലാസെടുത്തു. 65 പേർ ക്ലാസിൽ പങ്കെടുത്തു. അന്നേ ദിവസം ഉച്ചയ്ക്ക് 1 മണി മുതൽ 4 മണി വരെ കെ.കെ.ടി.എം.ഗവ.കോളേജ് അസി.പ്രൊഫസർ യാക്കോബ് തോമസ് കേരളസംസ്കാരം എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് ക്ലാസ് എടുത്തു. 35 പേർ ക്ലാസിൽ പങ്കെടുത്തു.

ഗവേഷകരുടെഅഡ്മിഷൻ റിപ്പോർട്ട്
കെ.കെ.ടി.എം.ഗവ.കോളേജ് പുല്ലൂറ്റ്

കെ.കെ.ടി.എം.ഗവ: കോളജിൽ 2022–23 അധ്യയനവർഷം ഗവേഷണത്തിനായി ചേർന്നിട്ടുള്ളവരുടെ വിവരങ്ങൾ

1. പഞ്ചമി. ബി. പി
അഡ്മിഷൻ നമ്പർ: 6662
അഡ്മിഷൻ നേടിയ തീയതി: 15 നവംബർ 2022
വിഷയം: പ്രാദേശിക ഭാഷകളുടെ ആവിഷ്കാരവും, രാഷ്ട്രീയവും തെരഞ്ഞെടുത്ത മലയാള ചലച്ചിത്രങ്ങളെ മുൻനിർത്തിയുള്ള പഠനം.
മാർഗ്ഗനിർദ്ദേശക: ഡോ. ജെൻസി കെ. എ.
കാറ്റഗറി : ഫുൾ ടൈം

2.ദിൽന. പി
അഡ്മിഷൻ: 6663
അഡ്മിഷൻ നേടിയ തീയതി: 15 നവംബർ 2022
വിഷയം: ലിംഗപദവിയും ലിംഗവിവേചനവും: 2010 നു ശേഷമുള്ള തെരഞ്ഞെടുത്ത മലയാള പത്രങ്ങളെ മുൻനിർത്തിയുള്ള പഠനം.
മാർഗനിർദേശക : ഡോ. ജെൻസി. കെ. എ
കാറ്റഗറി : ഫുൾ ടൈം

3. ഷൈമ. കെ. എസ്
അഡ്മിഷൻ നമ്പർ: 6664
അഡ്മിഷൻ നേടിയ തീയതി : 15 നവംബർ 2022
വിഷയം: രോഗാനുഭവാവിഷ്കാരങ്ങൾ മലയാള ആത്മകഥകളിൽ ( തെരഞ്ഞെടുത്ത കൃതികളുടെ പഠനം)
മാർഗനിർദേശക: മുഹമ്മദ് ബഷീർ.കെ. കെ
കാറ്റഗറി: പാർട്ട് ടൈം

**ക്രിസ്തുമസ് ആഘോഷം**

26 12 2002 ൽ നടന്ന എസ്എഫ്ഐ കെടിഎം കോളേജ് യൂണിറ്റും ലാലാക്കില കോളേജ് യൂണിയനും ചേർന്ന് നടത്തിയ ക്രിസ്തുമസ് ആഘോഷത്തിൽ മലയാള വിഭാഗത്തിന്റെ പൂർണ്ണപങ്കാളിത്തം ഉണ്ടായിരുന്നു പുൽക്കൂട് നിർമ്മാണ മത്സരത്തിലും പരോൾ മത്സരത്തിലും കരോൾ ഗാന മത്സരത്തിലും മലയാള വിഭാഗത്തിന്റെ മികച്ച രീതിയിലുള്ള പങ്കാളിത്തം ഉണ്ടായിരുന്നു. കരോൾ ഗാനം മത്സരത്തിൽ എഗ്രോട് കുടി വിജയിക്കുകയും ചെയ്തു ക്രിസ്തുമസ് ആഘോഷം എല്ലാ വിദ്യാർത്ഥികളെയും പങ്കാളിത്തം കൊണ്ട് ഗംഭീരമായി നടത്തുകയും ചെയ്തു.

**ഫ്രഷേഴ്സ് ഡേ**

2 12 2022 ൽ ഒന്നാംവർഷ വിദ്യാർഥികൾക്കായി രണ്ടാംവർഷ വിദ്യാർഥികളും മൂന്നാം വർഷ വിദ്യാർഥികളും നൽകിയ വരവേൽപ്പ് സ്വീകരണത്തിൽ ചെറിയ ചെറിയ പ്രോഗ്രാമുകളോടുകൂടി പരിപാടി ഗംഭീരമായി നടത്തി ഇതുമൂലം ഒന്നാമത് വിദ്യാർത്ഥികളുമായി കൂടുതൽ സംവദിക്കാൻ

സാധിച്ചു. പരിപാടി ഉദ്ഘാടനം ചെയ്തത് മലയാള വിഭാഗം മേധാവി ഡോക്ടർ ജി ഉഷാകുമാരി. അധ്യക്ഷത മലയാളം അസോസിയേഷൻ സെക്രട്ടറി രഹന എം എ ആശംസകൾ അർപ്പിച്ചത് കോളേജ് യൂണിയൻ ചെയർമാൻ ഷിബിൽ പി. ഉച്ചഭക്ഷണത്തിനുശേഷം വിദ്യാർഥികളുടെ കലാപരിപാടികൾ അരങ്ങേറി പരിപാടി ഗംഭീരം ആയിരുന്നു.

**കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്**

**അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണകേന്ദ്രം**

**ഗവേഷക സെമിനാർ അവതരണ റിപ്പോർട്ട്**

കെ.കെ.ടി.എം.ഗവ.കോളേജ് അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണ കേന്ദ്രത്തിൻ്റെ ആഭിമുഖ്യത്തിൽ 19.01.2023 രാവിലെ 11 മണിയ്ക്ക് ഗവേഷണ കേന്ദ്രത്തിൽ ഗവേഷകനായ ഫെൽബിൻ ആൻ്റണിയുടെ അധ്യക്ഷതയിൽ ഗവേഷകസെമിനാർ നടന്നു.

അഞ്ജലി മോഹൻ എം. ആർ സ്വാഗതം അറിയിച്ച സെമിനാറിൽ 'മലബാറിലെ ആധുനിക മുസ്ലീം വിദ്യാഭ്യാസചരിത്രത്തിൽ സീതി സാഹിബ് നടത്തിയ ഇടപെടലുകൾ എന്ന വിഷയത്തിൽ സ്വാലിഹ.പി.എ സംസാരിച്ചു. മലബാറിൽ ബ്രിട്ടീഷ് ഭരണം സ്ഥാപിതമായ പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻ്റെ സാർവത്രികമായ പ്രചരണത്തിനുള്ള ശ്രമങ്ങളും നടന്നു വന്നിരുന്നു. സാമ്രാജ്യത്വവിരുദ്ധ മനോഭാവവും ആധുനിക വിദ്യാഭ്യാസം തങ്ങളുടെ മതവിശ്വാസങ്ങൾക്കെതിരാണെന്നുള്ള യാഥാസ്ഥിതിക മുസ്ലീം ചിന്തയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിൽ നിന്നും ആ ജനവിഭാഗത്തെ തടഞ്ഞിരുന്നു. വിദ്യാഭ്യാസം സമുദായത്തിൻ്റെ പുരോഗതിയ്ക്ക് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ ബഹുമാന്യനായ സീതിസാഹിബ് കേരള മുസ്ലീം ഐക്യസംഘത്തിൻ്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ പ്രദേശത്തും തുടർന്ന് മലബാറിലും നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഊന്നി നിന്നുള്ളതായിരുന്നു സ്വാലിഹയുടെ പ്രബന്ധാവതരണം. ഗവേഷകരായ ഫെൽബിൻ ആൻ്റണി, അഞ്ജലി മോഹൻ എം.ആർ, വൈശാഖ്.കെ.കെ , അധ്യാപകനായ മുഹമ്മദ് ബഷീർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയിൽ ഉയർന്നു വന്നിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞ സ്വാലിഹ ചർച്ചയിൽ ഉന്നയിച്ചിട്ടുള്ള പോരായ്മകൾ തിരുത്തിയും കൂട്ടിച്ചേർക്കലുകളെ പരിഗണിച്ചും പ്രബന്ധം കൂടുതൽ കെട്ടുറപ്പുള്ളതാക്കുന്നതിലുള്ള താൽപര്യം അറിയിച്ചു.പരിപാടിയിൽ ഗവേഷകയായ സിൻ്റൊ കോങ്കോത്ത് നന്ദി അർപ്പിച്ചു











## മാതൃഭാഷാദിനാചരണവും ഗീതാഹിരണ്യൻ സ്മൃതിയും

### റിപ്പോർട്ട്




2023 ഫെബ്രുവരി 21 ന് കെ.കെ.ടി.എം.ഗവ. കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോകമാതൃഭാഷാദിനാചരണവും ഗീതാഹിരണ്യൻ സ്മൃതിയും മലയാളം ക്ലാസ് മുറിയിൽവെച്ച് രാവിലെ 10.30 ന് നടന്നു. വകുപ്പധ്യക്ഷ ഡോ. ജി. ഉഷാകുമാരി സ്വാഗതം ആശംസിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. നെസി ഇ. എ . അധ്യക്ഷസ്ഥാനം വഹിച്ചു. പ്രൊഫ. ഗീതാഹിരണ്യൻറെ ഓർമയ്ക്കായി സമർപ്പിക്കുന്ന, ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾ തയ്യാറാക്കിയ **ഒറ്റസ്നാപ്പിൽ ഒതുക്കാനാവില്ല ജന്മസത്യം** എന്ന പേരുള്ള കയ്യെഴുത്തുമാസികയുടെ പ്രകാശനവും മാതൃഭാഷാദിന പരിപാടിയുടെ ഉദ്ഘാടനവും മലയാളവിഭാഗം മുൻഅധ്യക്ഷയും എഴുത്തുകാരിയുമായ പ്രൊഫ. വി. കെ. സുബൈദ നിർവഹിച്ചു.

ഒന്നാംവർഷ ബിരുദവിദ്യാർത്ഥിനികൾ അവതരിപ്പിച്ച ഫ്യൂഷൻ ഡാൻസോട്ടുകൂടി തുടങ്ങിയ പരിപാടിയിൽ മൂന്നാംവർഷ ബിരുദവിദ്യാർത്ഥിനി വൈദേഹി സുരേഷ് , രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിനി നന്ദനഭാസ്കരൻ എന്നിവർ കവിത ആലപിച്ചു. ഒന്നാംവർഷ ബിരുദവിദ്യാർത്ഥിനി ഭദ്ര അഭിലാഷ് ഗീതാഹിരണ്യൻ സ്മൃതി വായിച്ചു.

ഗീതാഹിരണ്യന്റെ 'വായന' എന്ന കഥ രണ്ടാം വർഷബിരുദ വിദ്യാർത്ഥിനി ഗോപിക പി. എം. അവതരിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വുഷു പുരുഷ വിഭാഗം ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ രണ്ടാംവർഷ മലയാളബിരുദ വിദ്യാർത്ഥി ഒ.എ.സഫീറിനെ ചടങ്ങിൽ ആദരിച്ചു.ഡോ. ധന്യ പി.ഡി. നന്ദി പറഞ്ഞ ചടങ്ങിൽ 50 വിദ്യാർത്ഥികൾ പങ്കെടുത്തു.








Lecture series – section 2

ഗവേഷണം : രീതിശാസ്ത്ര ചർച്ചകൾ എന്തിന്?

റിപ്പോർട്ട്

കെ കെ ടി എം ഗവൺമെന്റ് കോളേജ് കൊടുങ്ങല്ലൂർ, റിസർച്ച് കമ്മിറ്റി ആൻഡ് ഐക്യുഎസി സംഘടിപ്പിച്ച ലെക്ചർ സീരീസിന്റെ രണ്ടാമത്തെ സെഷൻ ആയ 'ഗവേഷണം: രീതി ശാസ്ത്ര ചർച്ചകൾ എന്തിന്?' എന്ന് വിഷയം 1: 45 ഓട്ടുകൂടി മലയാളം റിസർച്ച് റൂമിൽ ആരംഭിച്ചു. സെഷന്റെ അധ്യക്ഷ സ്ഥാനം മലയാള വിഭാഗം മേധാവി ഡോ: ജി ഉഷാകുമാരി നിർവഹിച്ചു. സ്വാഗത പ്രസംഗം മലയാള വിഭാഗം അധ്യാപകൻ ഡോ: രാമചന്ദ്രൻ നിർവഹിച്ചു. സ്വാഗത പ്രസംഗത്തിൽ മുഖ്യാതിഥി സി.ആദർശിന്റെ പ്രധാന എഴുത്തുക്കളെ സൂചിപ്പിക്കുകയുണ്ടായി. പ്രാദേശിക ചരിത്ര ഗ്രന്ഥത്തിലെ പ്രധാനി, കേരളവർമ്മ കോളേജിൽ ദീർഘകാല അധ്യാപകൻ, എന്നിങ്ങനെ പരാമർശിച്ചു. ഗവേഷണത്തിന്റെ പ്രാധാന്യത്തെയും അഭിരുചിയെയും സ്വാഗതപ്രസംഗത്തിൽ പരാമർശിച്ചു.

2 മണിയോട്ടുകൂടി 'ഗവേഷണം: രീതിശാസ്ത്ര ചർച്ചകൾ എന്തിന്?' എന്ന വിഷയത്തിൽ വിവേകാനന്ദ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ: സി ആദർശ് സംസാരിച്ചു. പി എം ഗിരീഷ് മാഷിന്റെ ലേഖനത്തെ പരാമർശിച്ചു കൊണ്ടാണ് സെഷൻ ആരംഭിച്ചത്.

സെഷനിലെ പ്രധാനപ്പെട്ട ചർച്ചാസൂചകങ്ങൾ:

റിസർച്ച് എന്നാൽ എന്താണ്? ഏത് കാലം മുതലാണ് തുടങ്ങുന്നത്.

ചരിത്രത്തിന്റെ വരവോടെയാണ് റിസർച്ച് ഔപചാരികമായി തുടങ്ങുന്നത്. അവ പക്ഷേ സർവകലാശാലപരമായ ഔപചാരിക ഗവേഷണം അല്ല അനൗപചാരികമാണ്.

ഗവേഷണം ആളുകൾ പൊതുവിചാരണ ചെയ്യുന്നു. സോഷ്യൽ ഓഡിറ്റിങ് കടന്നുവരുന്നു.

സാമൂഹിക ബന്ധങ്ങളിൽ നിന്നും മാറിനിന്നുകൊണ്ട് ആവരുത് ഗവേഷണം. ഒരു ഗവേഷണ പ്രബന്ധത്തിൽ ഉദ്ധരണി ചേർക്കുന്നത് ഒരു ആശയം സൂചിപ്പിക്കുവാനാണ് ഈ ആശയം സപ്പോർട്ടിവായോ വിമർശനാത്മകമായോ ഉപയോഗിക്കാം.

ഗവേഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സമകാലികത. തിയറിയും മെത്തഡോളജിയും തമ്മിലുള്ള ബന്ധം. ഒരേ തീയതി തന്നെ വ്യത്യസ്ത കാലങ്ങളിൽ ഉപയോഗിക്കുമ്പോൾ മെത്തഡോളജിയിൽ മാറ്റം വരും.

പ്ലീജറിസം ഏറ്റവും നല്ല ഗവേഷണം കണ്ടെത്താനല്ല. മറിച്ച് അവയിലെ കള്ളനാണയങ്ങളെ കണ്ടെത്തുവാനാണ്.

ഒരേസമയം വൈരുദ്ധ്യവും വൈവിധ്യവും നിറഞ്ഞ വഴികളിലൂടെയെ ഒരു ഗവേഷകന് മുന്നോട്ടു പോകുവാൻ സാധിക്കു ഇതാണ് രീതിശാസ്ത്രം.

3 മണിയോട്ടുകൂടി സെഷന്റെ ചർച്ച ആരംഭിച്ചു. ചർച്ചയിൽ ഗവേഷക വിദ്യാർഥികളായ അഞ്ജലി മോഹൻ, ഷിബിൻ, സ്വാലിഹ പി എ, അംബിക കെ കെ എന്നിവർ അവരുടെ അഭിപ്രായങ്ങളും ചോദ്യങ്ങളും പങ്കുവെച്ചു.

ചർച്ചയിൽ, ഗവേഷണ പ്രബന്ധത്തിൽ തെരഞ്ഞെടുത്ത എന്ന് പറയുന്നതിന് പിന്നിലെ ഔചിത്യം എത്രത്തോളമെന്ന ചോദ്യത്തിന് തെരഞ്ഞെടുത്ത എന്ന് പറയുമ്പോഴും പരാമർശിക്കപെടുന്ന വ്യക്തിയുടെ മുഴുവൻ കൃതികളും അറിഞ്ഞിരിക്കണം എന്ന മറുപടി പ്രധാനപെട്ടതായിരുന്നു.

ഡോ : സി ആദർശിനുള്ള ഉപഹാരസമർപ്പണം ബി. റ്റി. റ്റി. എം വിഭാഗം അദ്ധ്യാപകൻ ജോസ് ബിജോയ് നിർവഹിച്ചു.

സെഷന്റെ നന്ദിപ്രകാശനം ഗവേഷക വിദ്യാർത്ഥി വൈശാഖ് നിർവഹിച്ചു

52 ൽ അധികം പേർ പങ്കെടുത്ത ഗവേഷണം : രീതിശാസ്ത്ര ചർച്ചകൾ എന്തിന്?' എന്ന സെഷൻ വൈകുന്നേരം 3:30 മണിയോടെ അവസാനിച്ചു

## 2022 – 23 അധ്യയന വർഷത്തെ അവസാന വർഷ ബി എ മലയാളം വിദ്യാർത്ഥികളുടെ പഠനയാത്ര റിപ്പോർട്ട്

കെ
കെ
ടി
എം



ഗവൺമെൻറ് കോളേജിലെ മലയാള വിഭാഗം ബിരുദ വിദ്യാർത്ഥികൾ 2023 ഫെബ്രുവരി 9 മുതൽ 13 വരെ വയനാട്, ചിക്കമംഗളൂർ ,ബേലൂർ, കൂർഗ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പഠനയാത്ര നടത്തുകയുണ്ടായി. 26 വിദ്യാർത്ഥികളും രണ്ട് അധ്യാപകരുമായി ആരംഭിച്ച യാത്ര വളരെയധികം വിജ്ഞാനപ്രദവും എന്നും ഓർമ്മയിൽ മായാതെ സൂക്ഷിക്കാൻ ആവുന്നതും ആയിരുന്നു.




വിനോദം

എന്നതിലുപരി ചരിത്രത്തെ കുറിച്ചുള്ള അറിവ് കൂടി ഈ യാത്ര പകർന്നു നൽകി.9 ന് വൈകിട്ട് 4.30 ന് യാത്ര ആരംഭിക്കുകയും ആദ്യമായി വലപ്പാടുള്ള കുഞ്ഞുണ്ണി മാഷിൻറെ സ്മാരകം സ്ഥിതി ചെയ്യുന്ന ഇടത്ത് ഇറങ്ങുകയും ചെയ്തു.



പിന്നീട് വയനാട് ചുരത്തിലിറങ്ങി. അതുമായി ബന്ധപ്പെട്ട ചരിത്ര വസ്തുതകളും കാണുകയും മനസ്സിലാക്കുകയും ചെയ്തു. അവിടെനിന്ന് യാത്ര തുടരുകയും 10 ന് രാവിലെ ചിക്ക മംഗളൂർ എത്തുകയും ചെയ്തു .
പ്രഭാതകൃത്യങ്ങളും ഭക്ഷണവും കഴിഞ്ഞു 11:30 ഓടെ ട്രക്കിങ്ങിനായി പോയി തണുപ്പേറിയ കാറ്റും വെയിലും എല്ലാം മനസ്സിനെ അത്യധികം ആനന്ദിപ്പിക്കുന്നതായിരുന്നു.തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം മുല്ലയാനഗിരിയിലുള്ള ഏറ്റവും ഉയരം കൂടിയ മലനിരയിലേക്ക് പോയി അവിടെ ഏറ്റവും മുകളിൽ ചെറിയൊരു ക്ഷേത്രവും സ്ഥിതി ചെയ്യുന്നുണ്ട് അഞ്ഞൂറിൽ അധികം പടികൾ കയറി അങ്ങോട്ടുള്ള യാത്ര വളരെ കൗതുകകരമായിരുന്നു.ഹൈന്ദവ വിശ്വാസ പ്രകാരം ശിവൻറെ വാഹനമായ നന്ദിയുടെ ചെറിയൊരു ശിലാരൂപവും അവിടെ ഉണ്ടായിരുന്നു. അവിടെനിന്ന് അലിബാബ ദർഗയും സന്ദർശിച്ചു. ഹിന്ദു മുസ്‌ലിം സാംസ്കാരിക ജീവിത സമന്വയം ഇവിടത്തെ ആരാധനാലയങ്ങൾ എങ്ങനെ സാക്ഷാത്കരിക്കുന്നുവെന്നതിന്റെ ദൃഷ്ടാന്തമായിരുന്നു ഇത്. 6. 30 ന് റിസോർട്ടിൽ തിരിച്ചെത്തുകയും രാത്രി ഭക്ഷണത്തിനുശേഷം അവിടെ തങ്ങുകയും ചെയ്തു.



പിറ്റേന്ന് രാവിലെ അവിടെ നിന്ന് പ്രഭാത ഭക്ഷണത്തിനുശേഷം ബേലൂരിലേക്ക് യാത്ര ആരംഭിച്ചു. പതിനൊന്നാം നൂറ്റാണ്ടിൽ വിഷ്ണുവർധനൻ രാജാവ് പണികഴിപ്പിച്ച ചരിത്രപ്രസിദ്ധമായ

ചെന്നകേശവസ്വാമി ക്ഷേത്രത്തിലേക്ക് എത്തിച്ചേർന്നു. ക്ഷേത്രത്തിൻറെ കല്ലുകൊണ്ടുള്ള നിർമ്മാണ രീതിയും ഏറെ സമാധാനപരമായ അന്തരീക്ഷവും സന്ദർശകരിൽ പുതിയ ഉണർവ് നൽകുന്ന ധാരാളം ശില്പങ്ങളും അക്കാലത്തെ നിർമ്മാണ വൈദഗ്ധ്യവും എല്ലാം അവിടെ വീക്ഷിക്കാനാവും. അല്പനേരം അവിടെ ചിലവഴിച്ചതിനു ശേഷം ഹൊയ്സാല കാലഘട്ടത്തിലെ ഇതര ക്ഷേത്രങ്ങളും സന്ദർശിച്ചു. .ഇരുട്ട് പരന്നു തുടങ്ങിയപ്പോഴേക്കും ക്യാമ്പ് ഫയറിനുള്ള ഒരുക്കങ്ങളായി .തീ ജ്വാലകൾക്ക് ചുറ്റും നിന്നു കൊണ്ടുള്ള സന്തോഷം നിറഞ്ഞ ആ നിമിഷങ്ങൾക്ക് ശേഷം 8:30 ഓടെ കൂർഗിലുള്ള ഹോട്ടലിൽ നിന്ന് കാൻഡിൽ ലൈറ്റ് ഡിന്നർ കഴിച്ചു. ശേഷം അന്ന് രാത്രി മിസ്റ്റി ഗാർഡൻ റിസോർട്ടിൽ ചെലവഴിച്ചു.



പിറ്റേന്ന് അവിടെ നിന്നും യാത്ര ആരംഭിച്ച ഏകദേശം 10 30 ഓടെ പ്രഭാത ഭക്ഷണത്തിനുശേഷം ഗോൾഡൻ ടെമ്പിൾ സന്ദർശനത്തിനായി യാത്രയായി 11 മണിയോടെ അവിടെ എത്തിച്ചേർന്നു. ആ സുവർണ്ണ ക്ഷേത്രത്തിൻറെ നിർമ്മാണവും അവിടുത്തെ ബുദ്ധ സന്യാസിമാരുടെ പ്രാർത്ഥനകളും എല്ലാം മനസ്സിൽ നിറഞ്ഞു നിൽക്കുന്നതായിരുന്നു അവിടുത്തെ സന്ദർശനം പ്രാചീനകാലത്ത് ബുദ്ധമതത്തിന് ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്ന പ്രചാരത്തെ ഓർമിപ്പിച്ചു. ബുദ്ധമതത്തിന് കേരളവുമായി വലിയ ബന്ധം ഉണ്ടെന്നതും കേരള ചരിത്ര പഠനവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനായി. ഉച്ചയ്ക്ക് ഒരു മണിയോടെ അവിടെ നിന്നും ഉച്ചഭക്ഷണത്തിനായി പോയി.



ശേഷം എത്തിച്ചേർന്നത് ഹാരംഗി റിസർവോയറിനടുത്തായിരുന്നു മനോഹരമായ ഉദ്യാനവും ജലസേചനത്തിനായി നിർമ്മിച്ച ഡാമും എല്ലാം ഉണ്ടായിരുന്നു അവിടെ. ഡാമിന് അടുത്തേക്ക് പ്രവേശനം സാധ്യമായില്ലെങ്കിലും അവിടെ മുഴുവൻ ഉച്ചവെയിലിൽ ചുറ്റി നടന്നത് വേറിട്ട അനുഭവമായിരുന്നു തുടർന്ന് 4.30 ന് നിസർഗ്ഗധാമ്മ ബാംബൂ ഫോറസ്റ്റിലേക്ക് എത്തിച്ചേർന്നു. എണ്ണമില്ലാത്ത മുളങ്കാടുകളും അവിടുത്തെ ഇടയ്ക്കിടയായി നിർമ്മിച്ചു വെച്ചിട്ടുള്ള കൂർഗിലെ ട്രൈബൽ ജനതയുടെ ജീവിതത്തെ പ്രതിനിധീകരിക്കുന്ന ശില്പങ്ങളും ഞങ്ങളെ അത്ഭുതപ്പെടുത്തി. മുളങ്കാട്ടുകളിലൂടെ ഏറെ ദൂരം സഞ്ചരിച്ചപ്പോൾ ഉൾക്കാട്ടിൽ ഒരു വലിയ മാൻ കൂട്ടത്തെയും കാണാനായി. അവയെ ലക്ഷ്യമാക്കി ഏറെ ദൂരം സഞ്ചരിച്ചെങ്കിലും ഞങ്ങളെ കണ്ട് കൂട്ടത്തോടെ അവ ഓടി അകന്നു. അങ്ങനെ കാടിനെ അടുത്തറിയാൻ സാധിച്ചു അവിടെ നിന്നും പുറത്തിറങ്ങി പിന്നെ ഷോപ്പിങ്ങിനുള്ള സമയമായിരുന്നു 7.30 വരെ അവിടെ എല്ലായിടത്തും ചുറ്റിത്തിരിഞ്ഞു പിന്നീട് 8:30 ഓടെ രാത്രി ഭക്ഷണത്തിനുശേഷം കൂർഗിനോട് വിട പറഞ്ഞ് ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു ഏകദേശം പുലർച്ചെ ഒരു മണിയോടെ വയനാട് ചുരം ഇറങ്ങി.



അല്പനേരം അവിടെ ചെലവഴിക്കാനായി കൂരിരുട്ടിൽ അതികഠിനമായ മഞ്ഞിൽ പുതഞ്ഞുകൊണ്ട് താഴേക്ക് നോക്കി നിന്ന് ആ ചെറു നിമിഷങ്ങൾ മറ്റൊന്നിനോടും പകരം വയ്ക്കാൻ സാധ്യമല്ല .13 ന് രാവിലെ എട്ടുമണിയോടെ കോളേജിൽ തിരിച്ചെത്തി. ഇനിയൊരിക്കലും അത്തരം ഒരു മനോഹരമായ നിമിഷങ്ങൾ തിരിച്ചു കിട്ടില്ലെന്നതിന്റെ വേദന ഞങ്ങളിൽ ഉണർത്തിക്കൊണ്ട് അവിസ്മരണീയമായ പഠനയാത്ര അവസാനിച്ചു.

# കെ.കെ. ടി എം .ഗവ. കോളേജ് , പുല്ലൂറ്റ്
# ഒന്നാം വർഷ എം.എ മലയാളം (2022 – 23)
## പഠന യാത്രാ റിപ്പോർട്ട്.

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജിലെ ഒന്നാം വർഷ എം.എ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഠനയാത്ര 21-02-2023 ചൊവ്വാഴ്ച നടത്തുകയുണ്ടായി. പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് കേരള ചരിത്രപരമായി വളരെയേറെ പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്കാണ് യാത്ര സംഘടിപ്പിച്ചത്. ഒന്നാം വർഷ എം.എ മലയാളം ക്ലാസ്സിലെ 13 വിദ്യാർത്ഥികളും ഡോ.എം.രാമചന്ദ്രൻ പിള്ള, ഡോ. ഫൗസിയ പി.എ എന്നീ അധ്യാപകരും യാത്രയിൽ പങ്കെടുത്തു. കേരള സർക്കാരിന്റെ കീഴിലുള്ള മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി നടത്തുന്ന ടൂർ പാക്കേജ് ഉപയോഗിച്ചായിരുന്നു യാത്ര.



21-02-2023 ചൊവ്വാഴ്ച രാവിലെ 9 മണിക്ക് കോളേജിൽ നിന്ന് പുറപ്പെട്ട് 9.30 ന് മുസിരിസ് ടൂറിസം ബോട്ടിങ് ആരംഭിക്കുന്ന കോട്ടപ്പുറത്ത് എത്തി അവിടെ നിന്ന് 9.30 ന് ബോട്ടിൽ യാത്ര ആരംഭിച്ചു. കേരള ചരിത്രപരമായി വളരെയധികം പ്രാധാന്യമുള്ള ചേന്ദമംഗലം ജൂതപ്പള്ളിയാണ് ആദ്യം സന്ദർശിച്ചത്. സംഘാടകർ നിയോഗിച്ച ടൂറിസ്റ്റ് ഗൈഡ് ശ്രീമതി റസീന സന്ദർശിക്കുന്ന ഓരോ സ്ഥലത്തിന്റെയും ചരിത്ര– സാംസ്കാരിക പ്രാധാന്യങ്ങൾ വ്യക്തമായി വിശദീകരിച്ചു. ജൂതപ്പള്ളിയുടെ ഘടനയും അവിടുത്തെ പ്രാർത്ഥനാ രീതികളും അവർ വിശദീകരിച്ചു.



അവിടെ നിന്ന് തിരിച്ച് 11 മണിയോടുകൂടി പാലിയം കൊട്ടാരത്തിലെത്തി. അവിടത്തെ കാഴ്ചകൾ അത്ഭുതകരവും വിജ്ഞാനപ്രദവും ആയിരുന്നു. പാലിയം വംശത്തിന്റെ ചരിത്ര മഹിമ വിളിച്ചോതുന്ന വീഡിയോ പ്രദർശനം നല്ല അനുഭവമായി.

ഡച്ച ശൈലിയും കേരള ശൈലിയും സംയോജിപ്പിച്ച നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ കാഴ്ച പുതിയ



അനുഭവമായി.

തുടർന്ന് പാലിയം നാലുകെട്ട് സന്ദർശിച്ചു. പഴയ നാലുകെട്ടുകളുടെ നിർമ്മാണ രീതി കൃത്യമായി പാലിച്ചു കൊണ്ട് നിർമ്മിച്ചതും ഇന്ന് കേരളത്തിൽ അവശേഷിക്കുന്നതുമായ വളരെ ചുരുക്കം കെട്ടിടങ്ങളിലൊന്നാണ് പാലിയം നാലുകെട്ട്. കേരളത്തിലെ ആഢ്യനായർ ഗൃഹങ്ങളിൽ പാലിയം കുടുംബക്കാർ മാത്രം പാലിച്ചിരുന്ന സവിശേഷമായ ചില ആചാരക്രമങ്ങൾ ടൂറിസ്റ്റ് ഗൈഡ് വിശദീകരിച്ചത് അത്ഭുതകരവും വിജ്ഞാന പദവുമായി. അവിടെ നിന്ന് തിരിച്ച് 1.00 മണിയോടെ കോട്ടപ്പുറം കോട്ടയിലെത്തി. ഇപ്പോഴും പര്യവേക്ഷണം പൂർത്തിയായിട്ടില്ലാത്ത കോട്ടയുടെ ഭാഗങ്ങൾ സന്ദർശിച്ചു. 1:30 ന് അവിടെ നിന്ന് തിരിച്ച് ഉച്ച ഭക്ഷണ സ്ഥലത്തെത്തി. ഭക്ഷണവും വിശ്രമവും കഴിഞ്ഞ് 2:30 ന് വീണ്ടും യാത്ര തിരിച്ചു.

കൊടുങ്ങല്ലൂർ അഴിമുഖത്തേക്കായിരുന്നു യാത്ര. പ്രാചീന തുറമുഖത്തിന്റെ ശേഷിപ്പുകൾ എന്ന നിലയിലും കേരളത്തിലെ ഏറ്റവും പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലൊന്ന് എന്ന നിലയിലും പ്രശസ്തമായ മുനമ്പം അഴിമുഖത്തേക്കായിരുന്നു യാത്ര. അവിടെ നിന്ന് പോർട്ടുഗീസ് ഡച്ച് അധിനിവേശകാല ചരിത്രത്തിന്റെ ഭാഗമായ പള്ളിപ്പുറം മഞ്ഞുമാതാ പള്ളിയിലേക്കു പോയി. സെന്റ് തോമസിന്റെ പള്ളിക്കു മുന്നിലൂടെയാണ് ബോട്ട് സഞ്ചരിച്ചത്. അവിടെ ബോട്ട് നിർത്താൻ സൗകര്യമില്ലാത്തതിനാൽ പള്ളി സന്ദർശിക്കാൻ സാധിച്ചില്ല. മഞ്ഞുമാതാ പള്ളിയിൽ 3.30 ന് എത്തിച്ചേർന്നു. അവിടെ ഡച്ച ശൈലിയിൽ നിർമ്മിച്ച പള്ളിയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുകയായിരുന്നു.

അവിടെ നിന്ന് വീണ്ടും യാത്ര തുടർന്ന് ചെറായിയിലെ സഹോദരനയ്യപ്പൻ മ്യൂസിയത്തിലെത്തി. അയ്യപ്പന്റെ ജന്മഗൃഹം, റിസർച്ച് ലൈബ്രറി മുതലായവ അടങ്ങുന്ന ഒരു കെട്ടിട സമുച്ചയമാണ് സ്മാരകം. സഹോദരനയ്യപ്പൻ ജാതീയതയ്ക്കെതിരെ നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം ഗൈഡ് വിശദീകരിച്ചു. തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളെ വേർതിരിക്കുന്ന കൊതികല്ല്



സവിശേഷമായ ഒരു കാഴ്ചയായി .

തിരികെ 5.30 ന് ബോട്ടിങ് ആരംഭിച്ച സ്ഥലത്ത് തിരിച്ചെത്തി. എല്ലാവരും ചായ കുടിച്ച് കോളേജിൽ തിരികെയെത്തി.

**നേട്ടങ്ങൾ**

1. മലയാളവിഭാഗം അദ്ധ്യാപിക ധന്യ പി. ഡി.യ്ക്ക കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടി

2. ബി. എ മലയാളം രണ്ടാം വർഷ വിദ്യാർത്ഥി സഫീർ.ഒ.എ, കോഴിക്കോട്ടു സർവകലാശാലയുടെ വുഷു മൽസരത്തിൽ ഗോൾഡ്മെഡൽ നേടി.

ദേശീയ തലത്തിലുള്ള വുഷു മൽസരത്തിൽ പങ്കെടുത്തു.

3. 2022 ഡിസംബറിൽ കോഴിക്കോട്ട സർവകലാശാല നടത്തിയ ബോക്സിംഗ് മൽസരത്തിൽ സിൽവർ മെഡൽ നേടി.

4. 2023 ൽ കോഴിക്കോട്ട സർവകലാശാല നടത്തിയ വുഷു മൽസരത്തിൽ ഗോൾഡൻ മെഡൽ നേടി.

5. സംസ്ഥാനതല കിക് ബോക്സിംഗ് ചാമ്പ്യൻഷിപ്പും നേടി

2023 ൽ കോഴിക്കോട്ട സർവകലാശാല നടത്തിയ കിക് ബോക്സിംഗ് മൽസരത്തിൽ ഗോൾഡൻ മെഡൽ നേടി.

5. 2023 ൽ ആൾ ഇന്ത്യാ യൂണിവേഴ്സിറ്റി തലത്തിൽ നടത്തിയ കിക്ക് ബോക്സിംഗ് മൽസരത്തിൽ ഗോൾഡൻ മെഡലോടെ ചാമ്പ്യൻഷിപ് നേടി.

6. തൃശ്ശൂർ സി അച്ചുതമേനോൻ ഗവ. കോളേജിൽ വെച്ച 17.02.2023 ന നടന്ന HISTO-CULTURE ഇൻറർകോളേജിയേറ്റ് പ്രശ്നോത്തരിയിൽ ഒന്നാം വർഷ എം. എ മലയാളം വിദ്യാർത്ഥിനികളായ അഞ്ജനാലക്ഷ്മി, നന്ദന ഇ. എസ് എന്നിവരുടെ ടീം ഒന്നാം സമ്മാനം നേടി

7. ഗവേഷകയായ പഞ്ചമി മാതൃഭൂമി നടത്തിയ അന്തർസംസ്ഥാന കവിതാ മൽസരത്തിൽ ഒന്നാം സമ്മാനം നേടി.

8. ഡോ.ജി.ഉഷാകുമാരിയുടെ രണ്ടു കൃതികൾ - ശരീരത്തിൻറെ സാമൂഹികഭാവനകൾ രണ്ടാം പതിപ്പ്, രോഗാനുഭവപഠനങ്ങൾ (എഡിറ്റർ) പ്രസിദ്ധീകരിച്ചു.

9. KKTM Cognizance-കെ.കെ.ടി.എം. കോഗ്നിസാൻസിൽ Vol 2, ഇഷ്യൂ1 ൽ ഡോ.ജി. ഉഷാകുമാരി, ഡോ.കെ.കെ.മുഹമ്മദ് ബഷീർ, ഡോ.ഫൌസിയ പി.എ, ഡോ. ധന്യ പി.ഡി ഗവേഷകരായ ഫെൽബിൻ ആൻറണി, അഞ്ജലി മോഹൻ, സിൻറോ കോങ്കോത്ത് എന്നിവർ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

10. മലയാളവിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിലേക്ക് ഡോ. യാക്കോബ് തോമസ്, ഡോ. ജയകുമാർ, ഡോ. ജെയ്സി ഡേവിഡ് എന്നിവർ മാർഗദർശികളായി അംഗീകാരം നേടി.

11. ഗവേഷണവിഭാഗത്തിലെ ഫുൾ ടൈം ഗവേഷകരായി സ്വാലിഹ. പി. എ, ദിൽന പി, പഞ്ചമി ബി.പി എന്നിവരും പാർട്ട് ടൈം ഗവേഷകയായി ഷൈമ കെ.എസും ചേർന്നു.

12. മലയാളവിഭാഗത്തിൽ നിന്നും എല്ലാ വർഷത്തിലും പ്രസിദ്ധീകരിക്കുന്ന യു. ജി.സി കെയർ ലിസ്റ്റഡ് റിസേർച്ച് ജേണലായ മലയാളപ്പച്ചയുടെ വോളിയം 2, ഇഷ്യൂ 1 മാനവാനന്തരതയുടെ മാനങ്ങൾ പ്രസിദ്ധീകരിച്ചു.

13. എം. എൻ വിജയൻ ലൈബ്രറിയിലേക്ക് ഏകദേശം 30,000 രൂപ വില വരുന്ന ഇസ്ലാമിക വിജ്ഞാനകോശം സമ്പൂർണമായും കോഴിക്കോട് IPH ൽ നിന്നും സംഭാവനയായി ലഭിച്ചു.

14.ഗ്രസ്ബറി പബ്ലിക്കേഷൻ ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ സംഭാവനയായി തന്നു

15. മലയാളവിഭാഗം മുൻ അദ്ധ്യാപിക ഡോ.ബി.പാർവതി, ജി.ഉഷാകുമാരി, ഡോ. ധന്യ പി.ഡി, യാക്കോബ് തോമസ്, ഗവേഷക അഞ്ജലി മോഹൻ എന്നിവർ സ്വന്തം പുസ്തകങ്ങളും അതല്ലാത്ത മറ്റു പുസ്തകങ്ങൾ സംഭാവനയായും നൽകി

തൃശ്ശൂർ ദയ ആശുപത്രി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ സംഭാവനയായി ലഭിച്ചു. സിനിമാനിരൂപകനായ ഐ. ഷണ്മുഖദാസിൻറെ കൃതികൾ സംഭാവനയായി ലഭിച്ചു.

എഴുത്തുകാരിൽ നിന്നും അല്ലാതെയും 100 ഓളം പുസ്തകങ്ങൾ ഈ വർഷം എം. എൻ വിജയൻ ലൈബ്രറിയിലേക്ക സംഭാവനയായി കിട്ടി.

## 2022-23 BA Malayalam final year സെൻ്റോഫ്



31. 3. 2023 ന് മൂന്നാം വർഷ ബി.എ.മലയാളം വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും വർഷ മലയാളം ബിരുദവിദ്യാർത്ഥികൾ സെൻ്റോഫ് നൽകി ആദരിച്ചു.അതോടൊപ്പം തന്നെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ആൾ ഇന്ത്യ യൂണിവേഴ്സിറ്റി ക്വിക്ക് ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണമെഡൽ നേടിയ രണ്ടാം വർഷ ബി.എ.മലയാളം വിദ്യാർത്ഥി സഫീർ ഒ.എ.യെ കെ.കെ.ടി എം.ഗവ.കോളേജ് പ്രിൻസിപ്പാൾ പ്രൊഫസർ നെസ്സി ഇ എ ക്യാഷ് അവാർഡ് നൽകി അഭിനന്ദിക്കുകയും ചെയ്തു. പരിപാടിയിൽ കെ.കെ.ടി.എം ഗവ.കോളേജ് മലയാളവിഭാഗം മേധാവി അധ്യക്ഷത വഹിച്ചു. മറ്റ് അധ്യാപകരും ഒന്നും രണ്ടും വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ഗവേഷകരും പങ്കെടുത്തു.








14.04.2023 ന വന്ന യുജിസി- നെറ്റ് പരീക്ഷാഫലത്തിൽ മലയാളവിഭാഗത്തില്ർ നിന്നും 5 പേർ UGC-NET പരീക്ഷ ജയിച്ചു.

1. അഞ്ജലി മോഹൻ ( ഗവേഷക, മൂന്നാം വർഷം)
2. ഹീര ടി.എം( ഗവേഷക, നാലാം വർഷം)
3.ലക്ഷ്മി എം. സജീവ് (എം.എ മലയാളം 2020-22)
4. അനില (എം. എ മലയാളം 2018-20)
5. ജിഷ എ.എസ് (ബി.എ.മലയാളം 2018-21)